VI നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ ബിൽ—(ചർച്ച തുടർച്ച)

മൂന്നാം വകുപ്പ് (തുടർ ചർച്ച)

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(227) ഖണ്ഡം 3 (1)-ൽ "വയ്ക്കേണ്ടതാകുന്നു" എന്ന വാക്കിനു പകരം "വയ്ക്കേണ്ടതും നിയമസഭ ചർച്ച ചെയ്യേണ്ടതും പാസ്സാക്കേണ്ടതുമാകുന്നു". എന്നീ വാക്കുകൾ കൂടിചേർക്കുക.

(238) ഖണ്ഡം 3 (2)-ൽ "വിവരണത്തോടുകൂടിയ" എന്ന വാക്കു മാറ്റി പകരം "വിവരണത്തോടുകൂടിയതും 2006 മാർച്ച് 31 വരെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

(252) ഖണ്ഡം 3 (3) (ബി)-യിൽ "കടംവാങ്ങലുകൾ" എന്ന വാക്കിനുശേഷം "അതാതിന്റെ ആവശ്യത്തിന് വേണ്ടിമാത്രം ഉപയോഗിക്കുക, സർക്കാരിന്റെ ഭരണപരമായ പാഴ്ചെലവുകൾ കുറയ്ക്കുക" എന്നീ വാക്കുകൾ കൂടി ചേർക്കുക.

(261) ഖണ്ഡം 3 (3)-ൽ (ബി) ഐറ്റത്തിനുശേഷം താഴെപ്പറയുന്നതുകൂടി ചേർക്കുക.

"(സി) സേവനതുറകളിൽനിന്ന് പിൻവാങ്ങാതെതന്നെ ചെലവു കുറയ്ക്കൽ."

(267) ഖണ്ഡം 3 (3) താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

(3) ധനസംബന്ധമായ മിതക്കാല നയ സ്റ്റേറ്റ്മെന്റിൽ,

(എ) സംസ്ഥാനത്തിന്റെ താല്പര്യത്തിന് അനുസൃതമായവിധം റവന്യൂ വരവും ചെലവും തമ്മിലുള്ള സന്തുലനം;

(ബി) ഉല്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്നതിനുവേണ്ടി പരസ്യവിപണിയിൽനിന്നുള്ള കടംവാങ്ങലുകൾ ഉൾപ്പെടെയുള്ള മൂലധന വരവിന്റെ ഉപയോഗവും വിനിയോഗവും;

(സി) പാഴ്ച്ചെലവുകൾ കുറയ്ക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടികൾ;

എന്നിവയുടെ വിലയിരുത്തലും ഉൾപ്പെടുത്തേണ്ടതാണ്.

(279) ഖണ്ഡം 3 (4) (എ)-യിൽ നാലാമത്തെ വരിയിൽ "പ്രവർത്തനങ്ങൾ" എന്ന വാക്കിനുശേഷം ";" എന്ന അടയാളം ചേർക്കുകയും മറ്റു വാക്കുകൾ ഒഴിവാക്കേണ്ടതുമാണ്.

(281) ഖണ്ഡം 3 (4)-ന് (ബി) എന്ന ഉപവകുപ്പ് പുതുതായി ഉൾപ്പെടുത്തുകയും അതിനുശേഷമുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"(ബി) വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, വൈദ്യുതി തുടങ്ങിയ സേവന മേഖലയിലെ സർക്കാർ വിഹിതം വെട്ടിക്കുറയ്ക്കാതെയും;"

(289) ഖണ്ഡം 3 (4)-ന് പുതിയതായി (സി) എന്ന ഉപവകുപ്പ് കൂടി ഉൾപ്പെടുത്തുകയും അതിനുശേഷമുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"(സി) പാവപ്പെട്ടവർക്ക് നികുതിയിളവു നൽകിയും സമ്പന്നർക്ക് അധിക നികുതി ചുമത്തിയും."

(295) ഖണ്ഡം 3 (4)-ന് '(ഡി)' എന്ന ഒരു ഉപവകുപ്പുകൂടി ഉൾപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

"(ഡി) ഓരോ വകുപ്പിനും മേജറും മൈനറുമായ ഹെഡ് ഓഫ് അക്കൗണ്ടിൽ നൽകുന്ന തുക വകമാറി ചെലവാക്കാൻ പാടുള്ളതല്ല; എന്നിവയെ സംബന്ധിച്ചുള്ള സർക്കാരിന്റെ നയങ്ങൾ;"

ഇതിൽ ഭേദഗതി നമ്പർ 227 ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിൽ പറയുന്നത് നമ്മുടെ മിതകാല നയ സ്റ്റേറ്റ്മെന്റും സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്നു മാത്രമാണ്. ഇത് ബഡ്ജറ്റിനെപ്പോലെതന്നെ സുപ്രധാനമാണ്. അതുകൊണ്ട് നിയമസഭയിൽ വയ്ക്കേണ്ടതും നിയമസഭ ചർച്ച ചെയ്യേണ്ടതും പാസ്സാക്കേണ്ടതുമാകുന്നു എന്നുകൂടി ഭേദഗതി ചെയ്യണം.

261-പ്രധാനപ്പെട്ടതാണ്. ഈ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റിൽ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നൊക്കെയാണ് അതിൽ പറയുന്നത്. എന്റെ അഭിപ്രായം സേവന തുറകളിൽനിന്ന് സർക്കാർ പിൻവാങ്ങാതെ, അതിന്റെ ചെലവ് കുറയ്ക്കാതെ ഈ നയം അംഗീകരിക്കണമെന്നുള്ളതാണ്.

281-ൽ പറയുന്നത് സുപ്രധാനമായിട്ടുള്ള കാര്യമാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ ബഡ്ജറ്ററി പ്രൊവിഷനിൽ 40 ശതമാനത്തോളം വിനിയോഗിക്കുന്നത് വിദ്യാഭ്യാസം, ആരോഗ്യം എന്നിത്യാദി സേവന മേഖലകൾക്കാണ്. അതുകൊണ്ട് സർക്കാർ വിഹിതം ഈ സേവന മേഖലകളിൽ വെട്ടിക്കുറയ്ക്കാതെ ഈ നയം തയ്യാറാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. മറ്റൊന്ന്, വിഭവം കണ്ടെത്തുന്നത് സംബന്ധിച്ച് 3 (4)-ൽ ചില കാര്യങ്ങൾ വിവരിക്കുന്നുണ്ട്. ആ വിവരിക്കുന്ന കൂട്ടത്തിൽ അത്തരം ഒരു നയ രൂപീകരണം നടത്തുമ്പോൾ തീർച്ചയായും ഒരുപാട് ഉത്കണ്ഠകൾ വരുന്നതാണ്. നികുതി വരുമാനം വർദ്ധിപ്പിക്കേണ്ടതായി വരും. അതിൽ (സി) എന്നു പറയുന്ന ഒരു പ്രധാനപ്പെട്ട ക്ലാസ്സ് കൂടി ചേർക്കണം. പാവപ്പെട്ടവർക്ക് നികുതി വർദ്ധിപ്പിക്കാതെയും സമ്പന്നർക്ക് അധിക നികുതി ചുമത്തിയും എന്ന നിലയിൽ മാറ്റണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(228) ഖണ്ഡം 3 (1)-ൽ "നയ സ്റ്റേറ്റ്മെന്റും ഒരു ധനസംബന്ധമായ നയ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാകുന്നു" എന്നതിനുശേഷം "മുൻവർഷത്തെ ബഡ്ജറ്റിൽനിന്നും നയപരമായ വ്യതിയാനങ്ങളുണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും വിശദീകരണങ്ങളും ഇതോടൊപ്പം പ്രതിപാദിക്കേണ്ടതാകുന്നു" എന്ന് ചേർക്കേണ്ടതാണ്.

(240) ഖണ്ഡം 3 (2)-ൽ "മൂന്നു വർഷം" എന്നത് "രണ്ട് വർഷം" എന്നാക്കി മാറ്റുക.

(286) ഖണ്ഡം 3 (4) (ബി)-യിൽ "തന്ത്രപ്രധാനമായ മുൻഗണനകൾ" എന്നത് തന്ത്രപ്രധാനവും ഏറ്റവും അടിയന്തിരവുമായ മുൻഗണനകൾ എന്നാക്കി ഭേദഗതി ചെയ്യണം.

(294) ഖണ്ഡം 3 (4) (സി)-ക്കുശേഷം താഴെപ്പറയുന്ന ഇനം (ഡി) ആയി ചേർക്കുക.

"സംസ്ഥാന സർക്കാരിന്റെ ധനകമ്മി കുറച്ചു കൊണ്ടുവരുന്നതിന്റെ ഭാഗമായി അനാവശ്യമായ ചെലവുകൾ കുറയ്ക്കുന്നതിനായി എടുക്കുവാനുദ്ദേശിക്കുന്ന നടപടിയുടെ സംക്ഷിപ്ത വിവരണം."

എന്റെ 228-ാം നമ്പർ ഭേദഗതി തീർച്ചയായിട്ടും അംഗീകരിക്കാവുന്നതാണ്. ഇപ്പോഴത്തെ പുതിയ ബില്ലിന്റെ ഫലമായിട്ട് ബഡ്ജറ്റിൽ പല വിഷയങ്ങളിലും നയപരമായ വ്യതിയാനങ്ങൾ ചിലപ്പോൾ ഉണ്ടാകാം. അങ്ങനെയുണ്ടാകുന്ന പക്ഷം അത് എന്താണെന്ന് കാണിക്കുന്ന ഒരു പ്രതിപാദ്യം വേണം എന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. അത് തീർച്ചയായിട്ടും ന്യായമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(229) ഖണ്ഡം 3 (1) താഴെപ്പറയുംപ്രകാരം മാറ്റുക:

"(1) ധനസംബന്ധമായ പോളിസി സ്റ്റേറ്റ്മെന്റ് നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്ന്:—സർക്കാർ ഓരോ സാമ്പത്തിക വർഷവും വാർഷിക ബഡ്ജറ്റിനോടൊപ്പം ഒരു ധനസംബന്ധമായ നിശ്ചിതകാല നയ സ്റ്റേറ്റ്മെന്റും ഒരു ധനസംബന്ധമായ നയ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതാകുന്നു."

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(232) ഖണ്ഡം 3 (2)-ൽ "മീഡിയം ടേം ഫിസ്ക്കൽ പോളിസി സ്റ്റേറ്റ്മെന്റിൽ" എന്നത് "മിതകാല സമ്പത്തിക നയപ്രസ്താവനയിൽ" എന്നു ഭേദഗതി ചെയ്യുക.

(249) ഖണ്ഡം 3 (3) (എ) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(എ) പാഴ്ച്ചെലവുകൾ ഒഴിവാക്കിക്കൊണ്ട് മിതവ്യയം പ്രാവർത്തികമാക്കിക്കൊണ്ടുള്ള റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള സംതുലനം."

(250) ഖണ്ഡം 3 (3) (ബി)-യിൽ "ഉല്പാദനക്ഷമമായ" എന്നത് "പുനരുല്പാദനക്ഷമമായ" എന്ന് ഭേദഗതി ചെയ്യുക.

(288) ഖണ്ഡം 3 (4) (ബി)-ക്കുശേഷം (സി) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും നിലവിലുള്ള (സി) അതിൻപ്രകാരം പുനഃക്രമീകരിക്കുകയും ചെയ്യുക.

"(സി) ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവർ, ദുർബല വിഭാഗങ്ങൾ, തൊഴിൽ രഹിതർ എന്നീ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പുവർഷം നിർവ്വഹിച്ച പ്രവർത്തനങ്ങൾ, ഉദ്ദേശിക്കുന്ന തുടർപ്രവർത്തനങ്ങൾ;"

ഇതിൽ 3-ാം വകുപ്പുപ്രകാരം ഈ നിയമസഭയുടെ മുമ്പാകെ ധനസംബന്ധമായ ഒരു പോളിസി സ്റ്റേറ്റ്മെന്റ് വയ്ക്കണം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ധനസംബന്ധമായ പോളിസി സ്റ്റേറ്റ്മെന്റ് എന്നത് ധനകാര്യ നയപ്രസ്താവന എന്ന് മലയാളത്തിൽ ആക്കുന്നതാണ് കുറേക്കൂടി നല്ലത്. "മീഡിയം ടേം ഫിസ്ക്കൽ പോളിസി സ്റ്റേറ്റ്മെന്റിൽ" എന്നത് "മിതകാല സാമ്പത്തിക നയപ്രസ്താവന" എന്നാക്കി ഭേദഗതി ചെയ്യണം. അതുപോലെതന്നെ ഇവിടെ റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള സംതുലനം എന്ന് പറഞ്ഞിട്ടുണ്ട്. അത് അങ്ങനെ മാത്രം പോരാ. അതിന് ഒരു പ്രത്യേകത വരണമെങ്കിൽ, എന്താണ് വ്യവസ്ഥയെന്ന് സഭയ്ക്ക് അറിയണമെങ്കിൽ പാഴ്ച്ചെലവുകൾ ഒഴിവാക്കിക്കൊണ്ടും മിതവ്യയം പ്രാവർത്തികമാക്കിക്കൊണ്ടുമുള്ള റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള സംതുലനം എന്നാക്കണം. അല്ലെങ്കിൽ അതിന് ഒരു പ്രത്യേകതയില്ല. സാധാരണയുള്ളതുപോലെ മാത്രമേ വരുന്നുള്ളൂ.

മറ്റൊന്ന്, ഉല്പാദനക്ഷമമായ എന്നത് പുനരുല്പാദനക്ഷമമായ എന്ന വിധത്തിലാക്കുന്നതായിരിക്കും നല്ലത്.

288 (സി)-യിൽ പറയുന്നതിൽ ഒരു ഭേദഗതി വരണം. പോളിസി എന്നത് മനസ്സിലാക്കണമെങ്കിൽ പ്രധാനമായ പോളിസി സ്റ്റേറ്റ്മെന്റിനകത്ത് ദാരിദ്ര്യ രേഖയ്ക്കു താഴെ കഴിയുന്നവർ, ദുർബല വിഭാഗങ്ങൾ, തൊഴിൽരഹിതർ എന്നിവർക്കുവേണ്ടിയുള്ള ക്ഷേമത്തിനുവേണ്ടി ഓരോ വർഷവും ചെയ്യുന്ന കാര്യമെന്താണ്; ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യമെന്താണ് എന്നുള്ള കാര്യം പ്രത്യേകമായി പ്രതിപാദിച്ചു കൊണ്ടുള്ളതായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(233) ഖണ്ഡം 3 (2)-ൽ "മീഡിയം ടേം ഫിസ്ക്കൽ പോളിസി സ്റ്റേറ്റ്മെന്റ്" എന്നതിനു പകരം "ധനസംബന്ധമായ മിതകാല പ്രസ്താവനയിൽ" എന്നാക്കി മാറ്റുക.

(272) ഖണ്ഡം 3 (4)-ന്റെ ആദ്യവരി ഇനി പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(4) ധനസംബന്ധമായ നയനിലപാട് പ്രസ്താവനയിൽ മറ്റു സംഗതികൾക്കിടയിൽ,—"

ഒരു കാര്യം തുടർച്ചയായി പറയുന്നതിന് ഒരേ പദംതന്നെ ഉപയോഗിക്കുന്നതായിരിക്കും നല്ലത്. ഇതിൽ പല സ്ഥലങ്ങളിലും മീഡിയം ടേം എന്നത് പല നിലയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അത് ഒന്ന് തിരുത്തി ഒരേ നിലയിൽ കൊണ്ടുവരണം.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(234) ഖണ്ഡം 3 (2)-ൽ "മീഡിയം ടേം ഫിസ്ക്കൽ പോളിസി" എന്നതിനു പകരം "ധനസംബന്ധമായ മിതകാല നയ" എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(242) ഖണ്ഡം 3 (2)-ൽ "ഒരു മൂന്നു വർഷ പരിവർത്തന ലക്ഷ്യം" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷക്കാലത്തേയ്ക്കുള്ള പരിവർത്തന ലക്ഷ്യം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(271) ഖണ്ഡം 3 (4)-ൽ "മറ്റ് സംഗതികൾക്കിടയിൽ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

242-ൽ മൂന്ന് പരിവർത്തന ലക്ഷ്യം എന്ന് എഴുതിയിരിക്കുന്നത് മൂന്ന് വർഷക്കാലത്തേയ്ക്കുള്ള പരിവർത്തന ലക്ഷ്യം എന്നാക്കിയാൽ വായിക്കുമ്പോൾ മനസ്സിലാകും.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(251) ഖണ്ഡം 3 (3) (ബി)-യിൽ "പരസ്യവിപണിയിൽ നിന്നുള്ള" എന്ന ഭാഗം നീക്കം ചെയ്യുക.

ശ്രീ. എം. കുമാരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(257) ഖണ്ഡം 3 (3) (ബി)-യിൽ "വിലയിരുത്തലും" എന്നതിനുപകരം "കർശനമായ വിലയിരുത്തലും" എന്ന് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(259) ഖണ്ഡം 3 (3) (ബി) എന്ന ഐറ്റത്തിനുശേഷം താഴെപ്പറയുന്ന ഐറ്റം ചേർക്കുക:

(ബി) പുതിയ നികുതി നിർദ്ദേശങ്ങളില്ലാതെതന്നെ കാര്യക്ഷമമായ നികുതി പിരിവിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കൽ.

പുതിയ നികുതി നിർദ്ദേശം ഇല്ലാതെതന്നെ കാര്യക്ഷമമായ നികുതി പിരിവിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. ഇവിടെ ഒരു വർഷം എൻ. ആർ. ഐ. 25,000 കോടി രൂപയാണ് വരുന്നത്. 45,000 കോടി രൂപ ആർ. ഐ. ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

62,000 കോടി രൂപ നാഷണലൈസ്ഡ്, കോ-ഓപ്പറേറ്റീവ് ബാങ്കുകളിലുണ്ട്. പണം ഇല്ലാത്തതിന്റെ ഒരു തകരാറും ഇവിടെ ഇല്ല. കേരളത്തിൽ ഇങ്ങനെ സാമ്പത്തിക സ്രോതസ്സ് ഉണ്ടായിട്ടുപോലും നമുക്ക് അത് ഉപയോഗിക്കാൻ കഴിയുന്നില്ല എന്നതാണ് കാര്യം. യഥാർത്ഥത്തിൽ നമ്മൾ കടം വാങ്ങേണ്ട പ്രശ്നം പോലുമില്ല. അതുകൊണ്ട് പ്രോപ്പറായിട്ട് ഈ സ്രോതസ്സുകളെ ഉപയോഗിക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി.

(263) ഖണ്ഡം 3 (3) (ബി)-ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(സി) ഉല്പാദനക്ഷമമായ പുതിയ ആസ്തികളുടെ സൃഷ്ടിക്കൽ."

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(260) ഖണ്ഡം 3 (3) (ബി) ഐറ്റത്തിന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:

(ബി) സോഷ്യൽ സെക്യൂരിറ്റി സ്കീമുകളുടെ നടത്തിപ്പ്.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(262) ഖണ്ഡം 3 (3) (ബി) ഐറ്റത്തിന് ശേഷം താഴെപ്പറയുന്നതുകൂടി ചേർക്കുക:

"(സി) ചെലവുകളുടെ മുൻഗണനാക്രമം പ്രത്യേകിച്ചും വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ നൽകേണ്ട ഊന്നൽ."

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(264) ഖണ്ഡം 3 (3) (ബി)-ക്കുശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(സി) സമ്പന്ന വിഭാഗങ്ങളുടെ മേൽ കൂടുതൽ നികുതി ചുമത്തുന്നതിനുള്ള സാധ്യത."

റവന്യൂ വരുമാനവുമായി ബന്ധപ്പെട്ടതാണ് എന്റെ ഭേദഗതി. ഇവിടെ സാധാരണ ജനങ്ങളുടെമേൽ ഒരുപാട് ഭാരങ്ങൾ വരും. കേന്ദ്ര ഗവൺമെന്റ് തന്നെ പാരലൽ കോളേജ് വിദ്യാർത്ഥികളുടെമേൽ സർവ്വീസ് ടാക്സ് ചുമത്തിയിരിക്കുന്നു. അതുപോലെ സാധാരണ ജനങ്ങളെ ഈ നികുതി ഭാരത്തിൽനിന്നും ഒഴിവാക്കുന്ന നിലയിലുള്ള സമീപനമാണ് ഉണ്ടാകേണ്ടത്. അതുകൊണ്ട് (ബി)-ക്ക് ശേഷം (സി) എന്ന പുതിയ ഒരു വ്യവസ്ഥകൂടി ചേർക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(274) ഖണ്ഡം 3 (4) (എ) ഇനത്തിൽ വരുന്ന (1) "സാമ്പത്തിക വർഷത്തേയ്ക്കു വേണ്ടിയുള്ള" എന്നതിനുപകരം "ബഡ്ജറ്റ് വർഷത്തേയ്ക്കുള്ള" എന്ന് ചേർക്കുക.

(2) "ഉൾക്കൊള്ളിക്കാൻ സാദ്ധ്യതയുള്ള" എന്നതിനു പകരം "ഉൾക്കൊള്ളിക്കാവുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(278) ഖണ്ഡം 3 (4) (എ)-യിൽ "സാദ്ധ്യതയുള്ള" എന്ന വാക്കിന് പകരം "പര്യാപ്തമായ" എന്ന വാക്ക് ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ 227, 261, 262, 281, 283, 289 എന്നീ ഭേദഗതികൾക്ക് പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—34

1. Sri Manjalamkuzhi Ali
2. ,, A. A. Azees
3. ,, Kodiyeri Balakrishnan
4. ,, A. K. Balan
5. ,, T. K. Balan
6. ,, Binoy Viswam
7. ,, V. K. Chandran
8. ,, V. Chenthamarakshan
9. ,, T. K. Deva Kumar
10. ,, P. C. George
11. Smt. Girija Surendran
12. Sri K. K. Jayachandran
13. ,, M. V. Jayarajan
14. ,, P. Jayarajan
15. Dr. K. C. Joseph
16. Sri V. C. Kabeer
17. ,, M. Kumaran
18. ,, K. V. Kunhiraman
19. ,, Kovoor Kunjumon
20. ,, V. K. C. Mammathu Koya
21. ,, Mathai Chacko
22. ,, K. P. Mohanan
23. ,, C. K. Nanu
24. ,, P. Narayanan
25. Dr. A. Neelalohithadasan Nadar
26. Sri K. Radhakrishnan
27. ,, Mangode Radhakrishnan
28. ,, N. Rajan
29. ,, K. P. Rajendran
30. ,, T. P. Ramakrishnan
31. ,, A. C. Shanmughadas
32. Smt. P. K. Sreemathi Teacher
33. Sri P. S. Supal
34. Dr. Thomas Issac

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—68

1. Sri Cherkalam Abdulla
2. „ P. K. Abdu Rabb
3. „ C. T. Ahammed Ali
4. „ A. P. Anil Kumar
5. „ A. K. Antony
6. „ N. D. Appachan
7. „ E. M. Augusthy
8. „ K. Babu
9. „ V. Balaram
10. „ P. K. K. Bava
11. „ T. V. Chandramohan
12. „ K. A. Chandran
13. „ M. A. Chandrasekharan
14. „ Domenic Presentation
15. „ Prayar Gopalakrishnan
16. „ M. M. Hassan
17. „ V. K. Ibrahim Kunju
18. „ Ishaque Kurikkal
19. „ T. M. Jacob
20. „ Joseph M. Puthusseri
21. „ P. J. Joy
22. „ Varkala Kahar
23. „ K. K. Nair
24. „ P. K. Kunhalikutty
25. Dr. M. A. Kuttapan
26. Sri K. Kutty Ahammed Kutty
27. „ Ludy Luiz
28. „ C. Mammootty
29. „ K. M. Mani
30. „ K. Mohammedali
31. „ K. Mohankumar
32. „ A. K. Moni
33. „ C. Moyinkutty
34. „ M. K. Muneer
35. Prof. A. D. Musthafa
36. Sri K. Narayanakurup
37. „ Oommen Chandy
38. „ M. K. Paulson Master

LIBRARY ARCHIVES Kerala Legislative Assembly

39. Sri T. N. Prathapan
40. ,, Thiruvanchoor Radhakrishnan
41. ,, T. U. Radhakrishnan
42. Smt. Radha Raghavan
43. Sri A. N. Rajan Babu
44. ,, K. K. Ramachandran Master
45. ,, Thampanoor Ravi
46. ,, Roshi Augustine
47. ,, T. P. M. Sahir
48. ,, N. Sakthan
49. ,, P. Sankaran
50. ,, K. Sankaranarayanan
51. Smt. Malethu Sarala Devi
52. Sri V. D. Satheesan
53. Prof. Savithri Lekshmanan
54. Sri K. K. Shaju
55. ,, Shibu Baby John
56. ,, Kadavoor Sivadasan
57. Smt. Sobhana George
58. Sri Stephen George
59. ,, A. Sujanapal
60. ,, C. F. Thomas
61. Prof. K. V. Thomas
62. ,, P. T. Thomas
63. ,, Thomas Chazhikadan
64. ,, Thomas Unniyadan
65. ,, Umesh Challiyil
66. ,, M. A. Waheed
67. ,, K. C. Venugopal
68. ,, K. P. Viswanathan

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ 34

പ്രതികൂലിക്കുന്നവർ 68

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 220, 239, 266, 275, 283, 285, 296 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 221, 235, 245, 291, എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 222, 223, 231, 247, 253, 265, 268 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 225, 243, 245, 258, 269, 277, 282, 290 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 226, 230, 248, 287 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 236, 252, 267, 279, 287, 295 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 228, 240, 286, 294 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 232, 249, 250, 288 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 233, 272 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 242, 271 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. കുമാരൻ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 259, 263 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(299) ഖണ്ഡം 4 (1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തത്വങ്ങൾ പിൻതുടർന്നുകൊണ്ട്" എന്നത് "അനാവശ്യച്ചെലവുകൾ, ആഡംബരങ്ങൾ എന്നിവ ഒഴിവാക്കി മിതവ്യയ തത്വങ്ങൾ പിൻതുടർന്നുകൊണ്ട്" എന്ന് ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(300) ഖണ്ഡം 4 (1)-ൽ "പിൻതുടർന്നുകൊണ്ട് റവന്യൂകമ്മി" എന്നീ വാക്കുകൾക്കിടയിൽ "ക്ഷേമപ്രവർത്തനങ്ങൾ, തൊഴിൽ രംഗം, സേവന മേഖല എന്നിവയെ ബാധിക്കത്തക്കവിധം" എന്ന വാക്കുകൾ ചേർക്കുക.

(309) ഖണ്ഡം 4 (1) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(1) സർക്കാർ നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങളേയും, സേവന മേഖലയേയും ബാധിക്കാത്തവിധം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തത്വങ്ങൾ പിൻതുടർന്നുകൊണ്ട് റവന്യൂ കമ്മി കുറയ്ക്കുന്നതിനും മതിയായ റവന്യൂ മിച്ചം ഉണ്ടാക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്."

(321) ഖണ്ഡം 4 (2)-ൽ "2007 മാർച്ച് 31-ന് അവസാനിക്കുന്ന നാല് വർഷക്കാലയളവിനുള്ളിൽ" എന്നത് "നിലവിലുള്ള സർക്കാരിന്റെ ഭരണകാലയളവിനുള്ളിൽ" എന്ന് ഭേദഗതി ചെയ്യുക.

(347) ഖണ്ഡം 4 (2) (ബി)-യിൽ "2007 മാർച്ച് 31-ന് അവസാനിക്കുന്ന നാല് വർഷ കാലയളവിനുള്ളിൽ" എന്നത് "നിലവിലുള്ള സർക്കാരിന്റെ ഭരണകാലയളവിനുള്ളിൽ" എന്ന് ഭേദഗതി ചെയ്യുക.

നാലാം വകുപ്പാണ് ഈ ബില്ലിന്റെ ഏറ്റവും കാതലായിട്ടുള്ള വകുപ്പ്. ഇവിടെ റവന്യൂ കമ്മി കുറയ്ക്കണം റവന്യൂ മിച്ചം ഉണ്ടാക്കണം എന്ന വിധത്തിലുള്ള വകുപ്പാണ് ചേർത്തിരിക്കുന്നത്. ഈ വകുപ്പ് നോക്കിയാൽ വിചാരിക്കും ഇത്രയും കാലം റവന്യൂ കമ്മി ഉണ്ടായത് നിയമംമൂലം വ്യവസ്ഥ ചെയ്തിട്ടാണെന്ന്. ഇത്രയും കാലം റവന്യൂ മിച്ചം ഇല്ലാതായത് നിയമംമൂലം വ്യവസ്ഥ ചെയ്തിട്ടാണോ? യഥാർത്ഥത്തിൽ ഇത് ഇങ്ങനെ എഴുതി വച്ചതിന്റെ ഫലമായി സംഭവിക്കാൻ പോകുന്നത് നമ്മുടെ അത്യാവശ്യമായ ചെലവുകൾ നിർവ്വഹിക്കുന്നതിൽനിന്ന് ഗവൺമെന്റ് പിൻവാങ്ങണം, അത് ഒഴിവാക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. റവന്യൂ കമ്മി കുറയ്ക്കണമെങ്കിൽ അത്യാവശ്യ ചെലവുകളും ആഡംബര ചെലവുകളും ഒഴിവാക്കണം. അതിന്റെയടിസ്ഥാനത്തിലുള്ളതാണ് 299-ാം നമ്പർ ഭേദഗതി.

ക്ഷേമപ്രവർത്തനങ്ങൾ വെട്ടിക്കുറച്ചുകൊണ്ടും തൊഴിൽ രംഗം, സേവന മേഖല എന്നിവയെ ബാധിക്കാത്ത രീതിയിലുമായിരിക്കണം റവന്യൂ കമ്മി കുറയ്ക്കാൻ ശ്രമിക്കേണ്ടത്. അല്ലെങ്കിൽ ഈ മേഖലയിലൊക്കെ പ്രശ്നങ്ങൾ ഉണ്ടാകും. മറ്റൊന്ന് നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങൾ സേവന മേഖലയെ ബാധിക്കാത്ത വിധത്തിൽ, ഇന്നത്തെ കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം.....ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഇങ്ങനെയുള്ള എല്ലാ ക്ഷേമ പ്രവർത്തനങ്ങളും നിർത്തലാക്കിയാൽ കമ്മി കുറഞ്ഞതായിട്ട് ഗവൺമെന്റിന് അവകാശപ്പെടാം. നിലവിലുള്ള എല്ലാ ക്ഷേമപ്രവർത്തനങ്ങളും ഈ ഗവൺമെന്റ് നിർത്തിവയ്ക്കുന്ന സ്ഥിതിയിലായിരിക്കും ഇത് ചെന്നെത്തിച്ചേരാൻ പോകുന്നത്. അതിന് ഇടകൊടുക്കാൻ പാടില്ല. അതുപോലെതന്നെ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിൽ കാലയളവ് സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് "നാലു വർഷം എന്നുള്ളത്" ഈ ഗവൺമെന്റിന്റെ കാലാവധിയുള്ള നിലയിലേക്ക് അതിൽ ഒന്ന് തിരുത്തൽ വേണം എന്നാണ് എന്റെ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(301) ഖണ്ഡം 4 (1)-ൽ "പിൻതുടർന്നുകൊണ്ട്", "റവന്യൂ കമ്മി" എന്നീ വാക്കുകൾക്ക് ഇടയിൽ "സേവന തുറകളെ ബാധിക്കാത്തവിധം" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ മിച്ചം വർദ്ധിപ്പിക്കുന്നതിന് ഇതിൽ ഏറ്റവും വേഗം കൈവയ്ക്കാൻ സാദ്ധ്യത യുള്ളത് സേവന മേഖലയാണ്. ഇപ്പോൾത്തന്നെ കൃത്യമായി പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെ കൊടുക്കുന്ന ഒരു സമീപനമില്ല. അതുകൊണ്ടുതന്നെ അത് നിർബന്ധമായി "സേവന തുറകളെ ബാധിക്കാത്തവിധം" എന്ന് ആ വാചകം മാറ്റണം എന്നുള്ളതാണ്.

(325) ഖണ്ഡം 4 (2)-ൽ "2007 മാർച്ച് 31" എന്നത് "2006 മാർച്ച് 31" എന്നും "നാല് വർഷക്കാലയളവിനുള്ളിൽ" എന്നത് "മൂന്ന് വർഷക്കാലയളവിനുള്ളിൽ" എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ഞാൻ താഴപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(302) ഖണ്ഡം 4 (1)-ൽ "റവന്യൂ കമ്മി കുറയ്ക്കുന്നതിനും" എന്നതിനുശേഷം "(2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കാലയളവിനുശേഷം" എന്ന് ചേർക്കുക.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(305) ഖണ്ഡം 4 (1)-ൽ മൂന്നാമത്തെ വരിയിൽ "ഉണ്ടാക്കിയെടുക്കുന്നതിനും" എന്ന വാക്കിനുശേഷം "സേവന മേഖലയിലെ സർക്കാർ സഹായം വെട്ടിക്കുറയ്ക്കാതെയും ദുർബല ജനവിഭാഗങ്ങൾക്ക് ദോഷകരമായ നികുതി ചുമത്താതെയും" എന്നീ വാക്കുകൾകൂടി ചേർക്കേണ്ടതാണ്.

(352) ഖണ്ഡം (2) (ബി)-ൽ "1.5 ശതമാനമായി" എന്നതിനുപകരം "സാദ്ധ്യമായിടത്തോളം" എന്ന് ചേർക്കണം.

(361) ഖണ്ഡം 4 താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

"(4) ധനസംബന്ധമായ നിർവ്വഹണതത്വങ്ങൾ (1) സർക്കാർ, സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുതന്നെ, റവന്യൂ മിച്ചം ഉണ്ടാക്കിയെടുക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) 1-ാം വകുപ്പിൽ പറഞ്ഞതുപോലെ റവന്യൂ മിച്ചം ഉണ്ടാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി 2004 ഏപ്രിൽ 1-ന് ആരംഭിച്ച് 2006 മാർച്ച് 31-ന് അവസാനിക്കുന്ന രണ്ട് വർഷക്കാലയളവിനുള്ളിൽ സർക്കാർ റവന്യൂ മിച്ചം ഉണ്ടാക്കേണ്ടതും,

(എ) ആ തുക ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്തുകയും;

(ബി) 2004 ഏപ്രിൽ 1-ന് ആരംഭിച്ച് 2006 മാർച്ച് 31-ന് അവസാനിക്കുന്ന രണ്ട് വർഷക്കാലയളവിനുള്ളിൽ ധനകമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 1.5 ശതമാനമായി കുറയ്ക്കുന്നതിന് സഹായകരമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതുമാണ്."

നാലാം വകുപ്പ്, ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞതുപോലെ, ധനസംബന്ധമായ നിർവ്വഹണതത്വങ്ങൾ രണ്ട് ഉപവകുപ്പുകളായിട്ട് വിവരിക്കുകയാണ്. റവന്യൂ കമ്മി കുറയ്ക്കാനും റവന്യൂ മിച്ചം ഉണ്ടാക്കാനുമാണ് ഈ ധനസംബന്ധമായ നിർവ്വഹണതത്വങ്ങളെപ്പറ്റി പറയുന്നത്. ഇവിടെ വിവരിക്കപ്പെട്ടിട്ടുള്ള തത്വങ്ങൾ ആണെങ്കിൽ നാലാം വകുപ്പിൽ രണ്ട് ഉപവകുപ്പുകൾ ചേർത്തിരിക്കുന്ന വകുപ്പുകൾ ആണെങ്കിൽ ഈ ലക്ഷ്യം നിർവ്വഹിക്കാൻ പര്യാപ്തമല്ല. മാത്രമല്ല, തീർച്ചയായും ഇത് സേവന മേഖലകളിലെ വിവിധ കാര്യങ്ങൾ വെട്ടികുറയ്ക്കുന്ന നിലയിലേയ്ക്ക് എത്തും. അതിന് ഒരു പരിരക്ഷ നൽകണം. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനം ഇൻഡ്യക്ക് മാതൃകയായത് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി പാവപ്പെട്ടവരെ ദ്രോഹിക്കാതെ അവർ പ്രതിനിധാനം ചെയ്യുന്ന മേഖലകളിലെല്ലാം ഉണ്ടാകുന്ന പ്രയാസങ്ങളും ദുരിതങ്ങളും പരിഹരിക്കാൻ സേവനതുറകളിൽ ആവശ്യമായിട്ടുള്ള സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടാണ്. അത് കുറയ്ക്കുന്ന നിലയിലേക്ക്, അതിന് നിയന്ത്രണം ഏർപ്പെടുത്തുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തും. അതുകൊണ്ട് പൊതുവായി എനിക്ക് ഈ ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് പറയാനുള്ളത് അതാണ്. പീരിയേഡ് എന്നു പറയുന്നത് ഒരു നിശ്ചിത പീരിയേഡ് മാത്രമേ പറയുന്നുള്ളൂ. സ്ഥായിയായി വേണമെന്ന് ഗവൺമെന്റിന് ആഗ്രഹവുമില്ല. അതുകൊണ്ട് യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലാവധി 2006 വരെയുള്ള പീരിയേഡ് ആയിട്ട് ചുരുക്കുകയും ചെയ്യുക എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(306) ഖണ്ഡം 4 (1)-ൽ "ഉചിതമായ നടപടികൾ" എന്നതിനുശേഷം "ജനങ്ങളെ പ്രതികൂലമായി ബാധിക്കാതെ സ്വീകരിക്കേണ്ടതാണ്" എന്ന് ചേർക്കണം.

(314) ഖണ്ഡം 4 (2)-ൽ "2003 ഏപ്രിൽ 1-ന് ആരംഭിച്ച്" എന്നത് "2004 ഏപ്രിൽ 1-ന് സാമ്പത്തിക വർഷാരംഭം ആരംഭിച്ച്" എന്നാക്കുക.

(323) ഖണ്ഡം 4 (2)-ൽ "2007 മാർച്ച് 31-ന് അവസാനിക്കുന്ന നാല് വർഷക്കാലയളവ്" എന്നത് "മൂന്ന് വർഷക്കാലയളവിനുള്ളിൽ" എന്ന് ഭേദഗതി ചെയ്യുക.

(359) ഖണ്ഡം 4 (2) (ബി)-ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(സി) സംസ്ഥാന സർക്കാരിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ബോർഡുകളും കോർപ്പറേഷനുകളും മറ്റ് സ്ഥാപനങ്ങളും ക്രമരഹിതമായി വരുത്തിവയ്ക്കുന്ന അധിക സാമ്പത്തിക ബാദ്ധ്യത തുടർവർഷത്തിൽത്തന്നെ ബന്ധപ്പെട്ടവരിൽനിന്നും തിരിച്ച് പിടിക്കുന്നതിനും വ്യവസ്ഥ ഉണ്ടായിരിക്കുന്നതാണ്" എന്നു കൂടി ചേർക്കുക.

306-ൽ, ഇവിടെ പറഞ്ഞ മാതിരി കമ്മി കുറച്ചേ മതിയാകൂ. സ്റ്റെപ്സ് എടുക്കുകയും വേണം. പക്ഷെ ജനങ്ങളെ അത് പിഴിയാൻ പാടില്ല. ജനങ്ങളെ ബാധിക്കാതെ കുറയ്ക്കണം. 359-ാം നമ്പർ ഭേദഗതി എന്നു പറയുന്നത് സംസ്ഥാന സർക്കാരിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ബോർഡുകളും കോർപ്പറേഷനുകളും മറ്റ് സ്ഥാപനങ്ങളും ക്രമരഹിതമായി വരുത്തിവയ്ക്കുന്ന അധിക സാമ്പത്തിക ബാദ്ധ്യത തുടർവർഷങ്ങളിൽ തന്നെ ബന്ധപ്പെട്ടവരിൽനിന്നും തിരിച്ച് പിടിക്കേണ്ടതിന് വ്യവസ്ഥ ഉണ്ടാകേണ്ടതാണെന്നാണ്. ആരാണോ ഈ കാട്ടിലെ തടി തേവരുടെ ആന എന്ന കണക്കിൽ ഈ പൊതു സ്ഥാപനങ്ങളിൽനിന്ന് പണം അമക്കിയതോ, വഴിവിട്ട് ചെലവഴിച്ചതോ അവരിൽനിന്ന് ഇത് ഈടാക്കണം. അതാണ് പറയുന്നത്. നല്ല നിർദ്ദേശമാണിത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(310) ഖണ്ഡം 4 (1)-ൽ താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്.

"സർക്കാർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തത്വങ്ങൾ പിൻതുടർന്നുകൊണ്ട് ഉല്പാദന മേഖലകളിലേയും സാമൂഹ്യ ക്ഷേമ മേഖലകളിലേയും ചെലവുകൾ കുറയ്ക്കാതെ കണ്ടും വിവിധ മേഖലകളിലെ നിലവിലുള്ള യാതൊരു ആനുകൂല്യങ്ങളും കുറയ്ക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടും പാഴ്ച്ചെലവും ധൂർത്തും പൂർണ്ണമായും ഒഴിവാക്കിയും ധനികവിഭാഗങ്ങളിൽനിന്നും കൂടുതൽ നികുതി ഈടാക്കിയും റവന്യൂ കമ്മി കുറയ്ക്കുന്നതിനും മതിയായ റവന്യൂ മിച്ചം ഉണ്ടാക്കിയെടുക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്."

(331) ഖണ്ഡം 4 (2) താഴെപ്പറയുംവിധം ഭേദഗതി ചെയ്യേണ്ടതാണ്:

"പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും 2003 ഏപ്രിൽ 1-ന് ആരംഭിക്കുന്ന സാമ്പത്തിക വർഷം മുതൽ സർക്കാർ റവന്യൂ കമ്മി ഇല്ലാതാക്കാൻ ശ്രമിക്കേണ്ടതും."

(232) ഖണ്ഡം 4 (2) (എ) ഒഴിവാക്കപ്പെടേണ്ടതാണ്.

(356) ഖണ്ഡം 4 (2) (ബി) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"2003 ഏപ്രിൽ 1-ന് ആരംഭിക്കുന്ന സാമ്പത്തിക വർഷം മുതൽ ധനസംബന്ധമായ കമ്മി കുറച്ചുകൊണ്ടുവരുന്നതിന് പരമാവധി ശ്രമിക്കുകയും".

(360) ഖണ്ഡം 4 (2)-ന് ശേഷം താഴെപ്പറയുംപ്രകാരം ഉപഖണ്ഡം (3) ആയി കൂട്ടി ചേർക്കുക:

"പദ്ധതി അടങ്കൽ വെട്ടിക്കുറയ്ക്കാതെയും ക്ഷേമപെൻഷനുകൾ മരവിപ്പിക്കാതെയും സാമൂഹ്യക്ഷേമ പദ്ധതികളുടെ വിഹിതം വെട്ടിക്കുറയ്ക്കാതെയും ജീവനക്കാരുടെ എണ്ണം കുറയ്ക്കാതെയും ജീവനക്കാരുടെയും തൊഴിലാളികളുടെയും ശമ്പളവും മറ്റാനുകൂല്യങ്ങളും വെട്ടിച്ചുരുക്കാതെയും ധനിക വിഭാഗങ്ങളിൽനിന്നും കൂടുതൽ നികുതി സമാഹരിച്ചുകൊണ്ട് റവന്യൂ കമ്മി കുറയ്ക്കുവാൻ ശ്രമിക്കുകയും".

ഇതിൽ ഒരു കാര്യം പറയാനുള്ളത് ഇവിടെ ബഹുമാനപ്പെട്ട കോടിയേരിയും, ബഹുമാനപ്പെട്ട എം. വി. ജയരാജനും പറഞ്ഞിട്ടുള്ളതുതന്നെയാണ്. ഉല്പാദന മേഖലയിലും സാമൂഹ്യക്ഷമ മേഖലകളിലും വെട്ടിക്കുറവ് വരുത്തരുത് എന്നു മാത്രമല്ല ധനിക വിഭാഗങ്ങളിൽനിന്ന് കൂടുതൽ നികുതി ചുമത്തി റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള ഒരു മാർഗ്ഗം കൂടി ഉണ്ട് എന്നുള്ളതാണ്. അത് ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(311) ഖണ്ഡം 4 (1) (എ) ആയി താഴെപ്പറയുംപ്രകാരം ചേർക്കുക.

"(എ) പാവപ്പെട്ടവരുടെ ജീവിതച്ചെലവ് വർദ്ധിപ്പിക്കാതെ സമ്പന്നർക്ക് നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കുക."

(336) ഖണ്ഡം 4 (2) (എ)-ൽ "കൊടുത്തുതീർക്കുന്നതിന്" എന്ന വാക്കിന് മുമ്പായി "ഘട്ടംഘട്ടമായി" എന്ന വാക്കുകൂടി ചേർക്കുക.

(339) ഖണ്ഡം 4 (2) (ബി)-യിൽ ഒന്നാമത്തെ ഖണ്ഡിക കഴിഞ്ഞ് രണ്ടാമതു ഖണ്ഡികയായി താഴെപ്പറയുന്നത് കൂടി ചേർക്കുക:

"സേവന രംഗങ്ങളെ ബാധിക്കാത്ത രൂപത്തിൽ അധികച്ചെലവും ധൂർത്തും നിയന്ത്രിക്കുക."

(349) ഖണ്ഡം 4 (2) (ബി)-ൽ "1.5 ശതമാനമായി" എന്നതിനുപകരം "1 ശതമാനമായി" എന്ന് ചേർക്കുക.

ഒരു കാര്യം പറയാനുള്ളത് 311, ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ കമ്മി കുറയ്ക്കാനും റവന്യൂ മിച്ചം ഉണ്ടാക്കിയെടുക്കാനും വേണ്ടിയാണ്. അങ്ങനെ ഉണ്ടാകുമ്പോൾ സ്വാഭാവികമായി നികുതി ചുമത്താൻ ഇടയുണ്ട്. അങ്ങനെ നികുതി ചുമത്തുമ്പോൾ സർക്കാർ പാവപ്പെട്ടവർ എന്ന് നിശ്ചയിക്കപ്പെട്ട ആളുകളുടെ ജീവിതച്ചെലവ് വർദ്ധിപ്പിക്കാത്ത രൂപത്തിൽ സമ്പന്നർക്ക് നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കണം. അതേ രൂപത്തിൽ സേവനരംഗങ്ങളെ ബാധിക്കാത്ത രൂപത്തിൽ നികുതി വർദ്ധിപ്പിക്കണം. അതാണ് 339-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(307) ഖണ്ഡം 4 (1)-ൽ "ഉചിതമായ നടപടികൾ" എന്നതിനുശേഷം "ജനങ്ങൾക്ക് ദോഷകരമാകാതെ" എന്ന് ചേർക്കുക.

(335) ഖണ്ഡം 4 (2) (എ)-ൽ "ബാദ്ധ്യതകൾ" എന്ന വാക്കിനുശേഷം "മുൻഗണനാക്രമത്തിൽ" എന്ന് കൂട്ടിച്ചേർക്കുക.

(338) ഖണ്ഡം 4 (2) (ബി)-ൽ "2003 ഏപ്രിൽ 1-ന് ആരംഭിച്ച്" എന്നത് "2004 ഏപ്രിൽ 1-ന് ആരംഭിച്ച്" എന്നും "4 വർഷക്കാലയളവിനുള്ളിൽ" എന്നത് "3 വർഷ കാലയളവിനുള്ളിൽ" എന്നും ഭേദഗതി ചെയ്യണം.

ഒരു വാചകം, നേരത്തെ ശ്രീമതി ഗൗരിയമ്മ ഡോ. കെ. സി. ജോസഫിന്റെ സബ്മിഷന് മറുപടിയായിട്ട് പറഞ്ഞപ്പോൾ 17 കോടി രൂപയാണ് ഒരു വർഷം നമുക്ക് കൃഷിക്കാർക്ക് വൈദ്യുതി സൗജന്യത്തിന് കൊടുക്കേണ്ടത്. മൂന്ന് കോടിയേ ബഡ്ജറ്റിൽ ഉള്ളൂ. ആരാണ് കുറ്റക്കാർ? 40 കോടി രൂപ ഇപ്പോൾ കുടിശ്ശിക. ഏതാണ്ട് 240-ഓളം കോടി രൂപ വിവിധ പെൻഷനുകൾക്കായിട്ട് കുടിശ്ശിക. ഈ വകുപ്പ് പാസ്സായി കഴിഞ്ഞാൽ പിന്നീട് കുടിശ്ശിക അല്ല, ഇതൊക്കെ കിട്ടാതെ വരുന്ന, എല്ലാ സേവന ക്ഷേമ പ്രവർത്തന മേഖലകളിൽനിന്നും ഗവൺമെന്റ് പിരിവ് വാങ്ങുന്നതിനുള്ള ഒരു എക്സിക്യൂട്ടീവ് ഉത്തരവ് നടപ്പാക്കാനുള്ള അധികാരം നമ്മുടെ ഈ ബില്ലിലൂടെ ഈ വകുപ്പ് പാസ്സായാൽ കിട്ടുകയാണ്. ഞാൻ ഒറ്റ വാചകത്തിൽ നിർത്തുകയാണ്, ഏറ്റവും അപകടകരമായ ഒരു വകുപ്പാണ്, ബിൽ വന്നാൽ അപകടമാണ്, അതുകൊണ്ട് പിൻവലിക്കേണ്ടതാണ്.

ശ്രീ. കെ. ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(312) ഖണ്ഡം 4 (2)-ൽ.

(1) "സാമാന്യതയ്ക്കു ഭംഗം വരാതെയും" എന്നതിനുപകരം "സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ" എന്ന് ചേർക്കുക.

(2) "സർക്കാർ" എന്നതിനുശേഷം "ക്രമാനുഗതമായി നിലവിലുള്ള" എന്ന് ചേർക്കുക.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(328) ഖണ്ഡം 4 (2)-ൽ "റവന്യൂ കമ്മി ഇല്ലാതാക്കേണ്ടതും" എന്നതിനുപകരം "റവന്യൂ മിച്ചം ഉണ്ടാക്കേണ്ടതും" എന്ന് ചേർക്കുക.

റവന്യൂ കമ്മി ഇല്ലാതാക്കേണ്ടത് എന്നുള്ളത് മാറ്റണം, അത് യോജിച്ചതല്ല, അതിനു പകരം റവന്യൂ മിച്ചമുണ്ടാക്കേണ്ടതാണ് എന്നാക്കണം.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(330) ഖണ്ഡം 4 (2) താഴെപ്പറയുന്നവിധം ഭേദഗതി ചെയ്യുക:

"(2) 1-ാം ഉപഖണ്ഡത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ 2004 ഏപ്രിൽ 1-ന് ആരംഭിച്ച് 2006 മാർച്ച് 31-ന് അവസാനിക്കുന്ന രണ്ട് വർഷക്കാലയളവിനുള്ളിൽ റവന്യൂ കമ്മി ഇല്ലാതാക്കേണ്ടതും."

(351) ഖണ്ഡം 4 (2) (ബി)-യിൽ "1.5 ശതമാനമായി" എന്നതിനുപകരം "കഴിയുന്നിടത്തോളം" എന്ന് ചേർക്കണം.

1.5 ശതമാനമായി കുറയ്ക്കുക എന്നുള്ളത് അപ്രായോഗികമാണെന്ന് എല്ലാതരത്തിലും ബോദ്ധ്യമായതുകൊണ്ട് കഴിയുന്നിടത്തോളം, as far as possible എന്നുമതി.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(334) ഖണ്ഡം 4 (2) (എ)-യിൽ "റവന്യൂ മിച്ചം വർദ്ധിപ്പിക്കുകയും ആ തുക" എന്നതിനു പകരം "ഉണ്ടാകുന്ന റവന്യൂ മിച്ചം" എന്നു ചേർക്കുക.

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(337) ഖണ്ഡം 4 (2) (എ)-യിൽ "കൊടുത്തു തീർക്കുന്നതിന് ഉപയോഗപ്പെടുത്തുകയും" എന്നതിന് പകരം "കൊടുത്തുതീർക്കുന്നതിനോ പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിനോ" എന്ന് ഭേദഗതി ചെയ്യുക.

(357) ഖണ്ഡം 4 (2) (ബി) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"2003 ഏപ്രിൽ 1 മുതൽ ധനക്കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തരോല്പാദനത്തിന്റെ 4 ശതമാനത്തിൽ ഉയരാതെ നിലനിറുത്തുകയും".

റവന്യൂക്കമ്മി സംബന്ധിച്ച് ധനമന്ത്രിയുടെ നിശ്ചിത അടവ് ഇല്ലാതാക്കുന്നതിനുവേണ്ടി വേണമെങ്കിൽ ഒരു വർഷം മുമ്പേ നിങ്ങൾ ഇത് പൂജ്യം ആക്കിക്കോ, ഞങ്ങൾക്ക് എതിർപ്പൊന്നുമില്ല. പക്ഷേ ധനമിച്ചം ഉണ്ടാക്കിക്കഴിഞ്ഞാൽ ഇന്നലെ ശ്രീ. ആര്യാടൻ പറഞ്ഞതുപോലെ അത് പ്ലാൻ ഫിനാൻസിംഗിനു വേണ്ടിയല്ല ഉപയോഗിക്കുന്നത്, 4 (എ)-യിൽ പറയുന്നതുപോലെ റവന്യൂ മിച്ചം ഉണ്ടാക്കിക്കഴിഞ്ഞാൽ ആ തുക കൂടുതലുള്ള ബാദ്ധ്യതകൾ കൊടുത്തു തീർക്കുന്നതിന് ഉപയോഗിക്കുകയാണ് ചെയ്യുക. അതാണ് എന്റെ മറ്റൊരു ഭേദഗതി. ആസ്തി ഉണ്ടാക്കുന്നതിനുവേണ്ടിയും ഉപയോഗിക്കാം. 4 (ബി)-യിൽ 1.5 എന്നു പറയുന്നത് ഒരു അസംബന്ധ ഫിഗറാണ്. അത്തരത്തിൽ നിർണ്ണയിച്ചിട്ടുള്ള സംഖ്യാപരമായിട്ടുള്ള ഒരു സീലിംഗ് വയ്ക്കുന്നതിൽ അർത്ഥമില്ല. നമ്മുടെ സംസ്ഥാനത്തിന്റെ വികസനം കണക്കിലെടുത്ത് സസ്റ്റെയിനബിളായിട്ടുള്ള ഡെബ്റ്റ് നിലനിർത്തുന്നതിനുവേണ്ടി നമ്മുടെ ഫിസ്ക്കൽ ഡെഫിസിറ്റായിട്ട് എത്ര ശതമാനമാണോ അതാണ് എടുക്കേണ്ടത്. അതുകൊണ്ട് എന്റെ ഭേദഗതി 4 ശതമാനത്തിൽ ഉയരാതെ ഫിസ്ക്കൽ ഡെഫിസിറ്റ് നിർത്താം. 4 ശതമാനം ഉയർത്തണമെന്നില്ല. അത് താഴ്ത്തണമെങ്കിൽ താഴ്ത്തിക്കോളൂ, പക്ഷെ 4 ശതമാനത്തിൽ ഉയരാതെ ഫിസ്ക്കൽ ഡെഫിസിറ്റ് നിർത്തുക എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(340) ഖണ്ഡം 4 (2) (ബി)-യിൽ.

(1) "2007 മാർച്ച് 31-ന് അവസാനിക്കുന്ന നാല്" എന്നത് "2006 മാർച്ച് 31-ന് അവസാനിക്കുന്ന മൂന്ന്" എന്നാക്കി തിരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(2) "1.5 ശതമാനം" എന്നത് "0.5 ശതമാനം" എന്നാക്കി തിരുത്തുക.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(348) ഖണ്ഡം 4 (2) (ബി)-യിൽ "പത്താം പദ്ധതിയുടെ ധനവിനിയോഗത്തെ ബാധിക്കാതെതന്നെ"എന്നീ വാക്കുകൾ "ധനസംബന്ധമായ കമ്മി" എന്നതിനുശേഷം ചേർക്കുക.

ഇത് സംബന്ധിച്ച് പറയാനുള്ളത് ധനസംബന്ധമായ നിർവ്വഹണ തത്വങ്ങളിൽ (ഡി)-യിൽ പറയുന്നത് ഏപ്രിൽ ഒന്നിന് ആരംഭിച്ച് ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉല്പാദനത്തിന്റെ 1.5 ശതമാനമായി കുറയ്ക്കണമെന്നുള്ളതാണ്. സംസ്ഥാനത്തിന് വായ്പ നൽകുന്ന വായ്പാ ഏജൻസികളുടെ നിർബന്ധത്തിന് വഴങ്ങിയിട്ടാണ് ഈ ധനക്കമ്മി കുറയ്ക്കാൻവേണ്ടി എന്തു നടപടിയും സ്വീകരിക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമാകുന്നത്. അതുകൊണ്ട് പദ്ധതി പ്രവർത്തനത്തിന് വകയിരുത്തിയ തുകയടക്കം വെട്ടിക്കുറയ്ക്കുകയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൊടുത്ത 854 കോടി രൂപയാണ് വെട്ടിച്ചുരുക്കിയത്. അതുകൊണ്ട് ധനസംബന്ധമായിട്ടുള്ള കമ്മി കുറയ്ക്കുന്നതിനുവേണ്ടി പദ്ധതിയുടെ ധനവിനിയോഗത്തെ ബാധിക്കാതെ വേണം എന്നുള്ളതാണ്. 10-ാം പദ്ധതിയുടെ ധനവിനിയോഗത്തെ ബാധിക്കാതെതന്നെ ധനസംബന്ധമായിട്ടുള്ള കമ്മി കുറയ്ക്കണമെന്നുള്ളതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(350) ഖണ്ഡം 4 (2) (ബി)-യിൽ "1.5"എന്നതിനുപകരം "2" എന്നാക്കുക.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(353) ഖണ്ഡം 4 (2) (ബി)-യിൽ "ശതമാനമായി" എന്നതിനുപകരം "ശതമാനമായോ അതിൽ ചുരുങ്ങിയ തോതിലോ" എന്നു ചേർക്കുക.

സർ, ധനകമ്മി എസ്. ജി. ഡി. പി.-യുടെ ഒന്നര ശതമാനം ആക്കിക്കുറയ്ക്കണമെന്ന്, ശതമാനം എത്രയെന്ന് കൃത്യമാക്കാതെ 1.5 ശതമാനമോ അതിൽ ചുരുങ്ങിയ തോതിലോ നേരത്തെ ഇവർ പറഞ്ഞതുപോലെ സാദ്ധ്യമായിടത്തോളം അല്ല, സാദ്ധ്യമായിടത്തോളം എന്നു പറഞ്ഞാൽ കേറിയും പോകാം. ഇത് ചുരുങ്ങിയ തോതിലോയെന്ന് ഗവൺമെന്റിന് കൂടുതൽ ഉപകാരമാകുന്ന രീതിയിൽ ഒരു വേർഡിംഗ് മാറ്റിക്കൊണ്ടുള്ളതാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(355) ഖണ്ഡം 4 (2) (ബി) താഴെപ്പറയുംപ്രകാരം മാറ്റുക:

ധനസംബന്ധമായ മേഖലയിൽ വരാൻ പോകുന്ന സാമ്പത്തിക വർഷത്തേയ്ക്ക് വേണ്ടിയുള്ള സർക്കാരിന്റെ തന്ത്രപ്രധാനമായ വസ്തുതകൾ മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തുകയും;

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(358) ഖണ്ഡം 4 (2) (ബി) താഴെപ്പറയും രീതിയിൽ മാറ്റുക:

"(ബി) 2003 ഏപ്രിൽ 1-ന് ആരംഭിച്ച് 2006 മാർച്ച് 31-ന് അവസാനിക്കുന്ന 3 വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി കുറയ്ക്കുന്നതിന് സംസ്ഥാനത്തിന് ലഭിക്കുന്ന വായ്പ ആഭ്യന്തരോല്പന്നം വർദ്ധിപ്പിക്കുവാൻ ഉപയുക്തമാക്കുകയും".

LIBRARY ARCHIVES Kerala Legislative Assembly

ഇത് വളരെ പ്രധാനപ്പെട്ടതാണ് സർ, ഇപ്പോൾ റവന്യൂക്കമ്മി എന്നു പറയുന്നത് 4118 ആയി. മുപ്പത്തിമൂവായിരം കോടി രൂപയാണ് മൊത്തം കടം. അത് ജി. ഡി. പി.-യുടെ 40 ശതമാനമാണ്. പലിശതന്നെ ജി. ഡി. പി.-യുടെ 2.5 ശതമാനമാണ്. റവന്യൂ വരുമാനത്തിന്റെ പതിനേഴര ശതമാനമാണ് നമ്മുടെ കടം. ഒരു വർഷം പലിശ ആയിരത്തി എണ്ണൂറ്റിയൻപത്തിയൊൻപത് കോടി രൂപയാണ്. ഇങ്ങനെ അപ്രായോഗികമായിട്ടുള്ള ഒരു സാധനം ഇതിന്റെ അകത്ത് വച്ചിട്ട് ഒരു ആഗ്രഹ പ്രകടനം എന്നല്ലാതെ ജന്മത്തിൽ ഈ മൂന്ന് വർഷത്തിനുള്ളിൽ ജി. ഡി. പി.-യുടെ ഒന്നര ശതമാനത്തിലേയ്ക്ക് ഇത് കൊണ്ടുവരാൻ കഴിയുമോ? നിങ്ങൾ എഴുതിവച്ചിട്ട് എന്ത് കാര്യമാണ്? ആരെ ബോദ്ധ്യപ്പെടുത്താനാണ്? വെറുതെ എഴുതി വയ്ക്കുന്നതിന് പ്രശ്നമില്ല. അതുകൊണ്ട് എന്റെ ഭേദഗതി മൂന്നു വർഷ കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി കുറയ്ക്കുന്നതിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വായ്പ ആഭ്യന്തരോൽപ്പന്നം വർദ്ധിപ്പിക്കാൻ ഉപയുക്തമാക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, വി. ഡി. സതീശൻ അവതരിപ്പിച്ച 350-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: 350-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

350-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ 305, 309, 310, 348, 357, 358, 359 എന്നീ ഭേദഗതികൾക്ക് പോൾ ആവശ്യപ്പെടുന്നു:

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—33

1. Sri Manjalamkuzhi Ali
2. ,, A. A. Azees
3. ,, Kodiyeri Balakrishnan
4. ,, A. K. Balan
5. ,, T. K. Balan
6. ,, Binoy Viswam
7. ,, V. K. Chandran
8. ,, V. Chenthamarakshan
9. ,, T. K. Devakumar
10. Smt. Girija Surendran
11. Sri K. K. Jayachandran
12. ,, M. V. Jayarajan
13. ,, P. Jayarajan

LIBRARY ARCHIVES Kerala Legislative Assembly

14. Sri M. Kumaran
15. „ K. V. Kunhiraman
16. „ V. K. C. Mammathu Koya
17. „ Mathai Chacko
18. „ K. P. Mohanan
19. „ Pirappancode Murali
20. „ C. K. Nanu
21. „ P. Narayanan
22. Dr. A. Neelalohithadasan Nadar
23. Sri K. Radhakrishnan
24. „ Mangode Radhakrishnan
25. „ N. Rajan
26. „ K. P. Rajendran
27. „ Raju Abraham
28. „ T. P. Ramakrishnan
29. „ Saju Paul
30. „ A. C. Shanmughadas
31. Smt. P. K. Sreemathi Teacher
32. Sri P. S. Supal
33. Dr. Thomas Issac

പ്രതികൂലിക്കുന്നവർ—57

1. Sri Cherkalam Abdulla
2. „ P. K. Abdu Rabb
3. „ A. P. Anil Kumar
4. „ A. K. Antony
5. „ E. M. Augusthy
6. „ K. Babu
7. „ P. K. K. Bava
8. „ T. V. Chandramohan
9. „ K. A. Chandran
10. „ M. A. Chandrasekharan
11. „ Dominic Presentation
12. „ P. P. George
13. „ Prayar Gopalakrishnan
14. „ M. M. Hassan
15. „ V. K. Ibrahim Kunju
16. „ T. M. Jacob

LIBRARY ARCHIVES Kerala Legislative Assembly

17. Sri K. C. Joseph
18. ,, Joseph M. Puthusseri
19. ,, P. J. Joy
20. ,, K. K. Nair
21. Dr. M. A. Kuttapan
22. Sri K. Kutty Ahammed Kutty
23. ,, Ludy Luiz
24. ,, C. Mammootty
25. ,, K. M. Mani
26. ,, C. Moyinkutty
27. ,, M. K. Muneer
28. Prof. A. D. Musthafa
29. Sri K. Narayanakurup
30. ,, Oommen Chandy
31. ,, M. K. Paulson Master
32. ,, V. J. Poulose
33. ,, T. N. Prathapan
34. Smt. Radha Raghavan
35. Sri A. N. Rajan Babu
36. Sri K. K. Ramachandran Master
37. ,, Thampanoor Ravi
38. ,, Roshi Augustine
39. ,, T. P. M. Sahir
40. ,, N. Sakthan
41. ,, K. Sankaranarayanan
42. Smt. Malethu Sarala Devi
43. Sri V. D. Satheesan
44. Prof. Savithri Lekshmanan
45. Sri K. K. Shaju
46. ,, Shibu Baby John
47. ,, Kadavoor Sivadasan
48. Smt. Sobhana George
49. Sri Stephen George
50. ,, A. Sujanapal
51. ,, N. Sundaran Nadar
52. Prof. K. V. Thomas
53. Sri P. T. Thomas
54. ,, Thomas Unniyadan
55. ,, M. A. Waheed
56. ,, K. C. Venugopal
57. ,, K. P. Viswanathan

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

അനുകൂലിക്കുന്നവർ—33

പ്രതികൂലിക്കുന്നവർ—57

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 299, 300, 321, 347 എന്നീ ഭേദഗതികളും സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 301, 325 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 352, 361 എന്നീ ഭേദഗതികളും സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 306, 314, 323 എന്നീ ഭേദഗതികളും സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 331, 332, 356, 360 എന്നീ ഭേദഗതികളും സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 311, 336, 339, 349 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 312-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 307, 335, 338 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 330, 351 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 337, 357 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചാം വകുപ്പ്

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(365) ഖണ്ഡം 5 (1)-ൽ "ധനസംബന്ധമായ" എന്ന വാക്കിനു പകരം "ധനകാര്യ" എന്ന വാക്ക് ചേർക്കുക.

(381) ഖണ്ഡം 5 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ബാധിക്കാവുന്ന തരത്തിലുള്ള" എന്ന വാക്കുകൾക്കുശേഷം "നിർണ്ണയിക്കപ്പെട്ട" എന്ന വാക്കുകൂടി ചേർത്ത് ഭേദഗതി ചെയ്യുക.

(390) ഖീണ്ഡം 5 (2) (എ) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(എ) നിർണ്ണയിക്കപ്പെട്ട ധനസംബന്ധമായ സൂചകങ്ങൾ പാലിക്കുന്നതിനെ ബാധിക്കുന്നതോ അഥവാ ബാധിക്കാൻ ഇടയുള്ളതോ ആയ കണക്കുകൾ തിട്ടപ്പെടുത്തുന്നതിന്റെ മാനദണ്ഡങ്ങളിലോ നയങ്ങളിലോ രീതികളിലോ വരുന്ന സുപ്രധാന മാറ്റങ്ങളേയും".

(395) ഖണ്ഡം 5 (2) (ബി)-യിൽ "റവന്യൂ ഡിമാന്റുകളും" എന്ന വാക്കുകൾക്കും "പ്രതിബദ്ധമായ ബാദ്ധ്യതകളും" എന്ന വാക്കുകൾക്കും ശേഷം "," ചിഹ്നം നൽകുകയും "കടം വാങ്ങലുകളും സാധ്യമായ ബഡ്ജറ്റ് സൂചനകളുള്ള" എന്നതിനെ "കടം വാങ്ങലുകളും ബഡ്ജറ്റ് കണക്കുകളെ ബാധിക്കുവാൻ സാധ്യതയുള്ള" എന്ന് ഭേദഗതി വരുത്തുകയും ചെയ്യുക.

സർ, ഇതിലെ ഒരു കാര്യത്തെക്കുറിച്ച് സംസാരിക്കുന്നു. ആദ്യത്തെ ഉപവകുപ്പിൽ എന്ന സംസ്ഥാന ഖജനാവിന്റെ താല്പര്യത്തിന് പ്രതികൂലമായി ബാധിക്കാവുന്ന തരത്തിലുള്ള ഏത് വിവരവും രഹസ്യമായി സൂക്ഷിക്കാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. നിർണ്ണയിക്കപ്പെട്ട എന്ന് പറഞ്ഞില്ലായെങ്കിൽ ഈ ക്ലാസിൽ എന്തും മാറ്റിവയ്ക്കാനുള്ള അവകാശം സർക്കാരിന് ഉണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(366) ഖണ്ഡം 5 (1)-ൽ "കൂടുതൽ സുതാര്യത" എന്ന വാക്കുകൾക്കു പകരം "രഹസ്യസ്വഭാവം" എന്ന വാക്ക് ചേർക്കുക.

(371) ഖണ്ഡം 5 (1)-ൽ "പൊതുതാല്പര്യാർത്ഥം" എന്നതിനുപകരം "സർക്കാരിന്റെ" എന്ന വാക്ക് ചേർക്കുക.

(377) ഖണ്ഡം 5 (1)-ൽ "കഴിയുന്നിടത്തോളം കുറയ്ക്കുകയും" എന്നീ വാക്കുകൾക്കു പകരം "കാത്തുസൂക്ഷിക്കുകയും" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(367) ഖണ്ഡം 5 (1)-ൽ "കൂടുതൽ" "പൊതുതാല്പര്യാർത്ഥം" "കഴിയുന്നിടത്തോളം" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(368) ഖണ്ഡം 5 (1)-ൽ "നടപടികൾ എടുക്കേണ്ടതും" എന്നത് "നടപടികൾ എടുക്കേണ്ടതാണ്" എന്ന് ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(369) ഖണ്ഡം 5 (1)-ൽ "വാർഷിക ബഡ്ജറ്റ്" എന്നതു മുതൽ "കുറയുകയും..... ചെയ്യേണ്ടതുമാണ്" എന്നതുവരെയുള്ള ഭാഗം ഒഴിവാക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(370) ഖണ്ഡം 5 (1)-ൽ വാർഷിക "ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പൊതുതാല്പര്യാർത്ഥം ഔദ്യോഗിക രഹസ്യ സ്വഭാവം കഴിയുന്നിടത്തോളം കുറയ്ക്കുകയും ചെയ്യേണ്ടതാണ്" എന്നതിനുപകരം "എന്നാൽ വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പൊതുതാല്പര്യാർത്ഥം ഔദ്യോഗിക രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കേണ്ടതാണ്" എന്ന് ചേർക്കുക.

(372) ഖണ്ഡം 5 (1)-ൽ "പൊതുതാല്പര്യാർത്ഥം....." തുടങ്ങിയ വാക്കുകൾ ഒഴിവാക്കി പകരം "ഭരണഘടന അനുശാസിക്കും പ്രകാരമുള്ള രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്." എന്നീ വാക്കുകൾ ചേർക്കുക.

സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. 5-ാം വകുപ്പിൽ ധനസംബന്ധമായ സുതാര്യതയ്ക്കുള്ള നടപടികൾ എന്നു പറഞ്ഞിട്ടുള്ള ക്ലാസ് ആണ് വന്നിട്ടുള്ളത്. ഇതിൽ പറയുന്നത് പൊതുതാല്പര്യാർത്ഥം ഔദ്യോഗിക രഹസ്യസ്വഭാവം കഴിയുന്നിടത്തോളം കുറയ്ക്കുകയും ചെയ്യേണ്ടതാണ്. പൊതുതാല്പര്യാർത്ഥം എങ്ങനെയാണ് ബഡ്ജറ്റ് അതിന്റെ രഹസ്യ സ്വഭാവം കുറയ്ക്കുക? ഭരണഘടനയ്ക്ക് അനുസൃതമായിട്ടാണ് നമ്മുടെ ബഡ്ജറ്റിൽ കൊണ്ടുവരുന്നത്. അപ്പോൾ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കാൻ ഭരണഘടന നമ്മോട് പറയുകയാണ്. അതുകൊണ്ട് ആ രഹസ്യ സ്വഭാവം കാത്ത് സൂക്ഷിക്കുകതന്നെ വേണം എന്നാണ് എന്റെ രണ്ട് ഭേദഗതികൾകൊണ്ട് ഉദ്ദേശിക്കുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കുകതന്നെ വേണം.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(373) ഖണ്ഡം 5 (1)-ൽ "രഹസ്യ സ്വഭാവം" എന്നതിനുശേഷം "നിലനിർത്തേണ്ടതാണ്" എന്ന് ചേർക്കുക.

സർ, ശ്രീ. ജയരാജൻ പറഞ്ഞതിന് തുടർച്ചയായിട്ട് ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഔദ്യോഗിക രഹസ്യ സ്വഭാവം കഴിയുന്നിടത്തോളം നിലനിർത്തേണ്ടതാണ്. അത് സൂക്ഷിക്കേണ്ടതാണ്. പരമാവധി ഒന്നും വേണ്ട.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(375) ഖണ്ഡം 5 (1)-ൽ "രഹസ്യ സ്വഭാവം കഴിയുന്നിടത്തോളം കുറയ്ക്കുകയും ചെയ്യേണ്ടതുമാണ്" എന്നതിനുപകരം "പരമാവധി ഒഴിവാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(376) ഖണ്ഡം 5 (1)-ൽ "കഴിയുന്നിടത്തോളം" എന്നതിനുപകരം "പൂർണ്ണമായും" എന്നാക്കി മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

(383) ഖണ്ഡം 5 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഏത് വിവരവും" എന്ന വാക്കുകൾക്കുശേഷം "ആവശ്യമെങ്കിൽ" എന്ന് കൂടി ചേർക്കുക.

(389) ഖണ്ഡം 5 (2) (എ)-യിൽ "നയങ്ങളുടേയും" എന്ന വാക്കിനുശേഷം "വ്യവസ്ഥകളുടേയും നടത്തിപ്പിന്റേയും" എന്ന് ചേർക്കുക.

(392) ഖണ്ഡം (2) (ബി)-യിൽ "പ്രായോഗികമായിടത്തോളം" എന്ന വാക്ക് ഒഴിവാക്കുക.

(398) ഖണ്ഡം 5 (2) (ബി)-യിൽ "നഷ്ടങ്ങളും" എന്ന വാക്കിനുശഷം "ബാദ്ധ്യതകളും" എന്നും "പുറമെയുള്ള" എന്ന വാക്കിനുശേഷം "എല്ലാതരം" എന്ന വാക്കും കൂട്ടിച്ചേർക്കുക.

സർ, ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ, ഇത് സുതാര്യതയെ സംബന്ധിക്കുന്നതാണ്. പക്ഷെ, ഈ വകുപ്പ് പാസ്സായാൽ സുതാര്യതയല്ല ഉണ്ടാകുക, എല്ലാ രഹസ്യ സ്വഭാവത്തോടുകൂടിയാണ്. ഒരു വാക്ക് ഞാൻ വായിക്കുകയാണ്. സംസ്ഥാന ബജനാവിന്റെ താല്പര്യത്തെ പ്രതികൂലമായി ബാധിക്കാവുന്ന ഏത് വിവരവും രഹസ്യമായി സൂക്ഷിക്കാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കേണ്ടതാണ്. ബഡ്ജറ്റിലുള്ള രഹസ്യ സ്വഭാവം സൂക്ഷിക്കാനുള്ള നിയമവും വ്യവസ്ഥയും ഇപ്പോഴേയുണ്ട്. ഇത് പ്രകാരം പാസ്സാക്കികൊടുത്താൽ പിന്നെ ഒരു വിവരവും നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെപോലും, ധനസംബന്ധമായ കാര്യങ്ങൾ വരേണ്ടതില്ല എന്ന അർത്ഥമാണ്. അങ്ങ് പാർലമെന്ററി പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാൻ ആയിരുന്ന ആളല്ലേ? അത് നമ്മുടെ ബഡ്ജറ്റിലും, നമ്മുടെ രഹസ്യസ്വഭാവം അതിന്റെ സുതാര്യതയ്ക്കും ധനസംബന്ധമായ ഉത്തരവാദിത്വത്തിനും ഒക്കെ അതിന്റെ അക്കൗണ്ടബിലിറ്റിയെപ്പോലും നഷ്ടപ്പെടുത്തണ്ട, അതുകൊണ്ട് ഞാൻ ഒറ്റവാക്കിൽ പറയുകയാണ്, ഈ വകുപ്പ് ഇതിൽനിന്ന് മാറ്റണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(379) ഖണ്ഡം 5 (1)-ന് "ഒടുവിൽ കുറയ്ക്കുകയും ചെയ്യേണ്ടതാണ്" എന്നത് "കുറയ്ക്കുന്നതിനായി നിയമനിർമ്മാണം നടത്തേണ്ടതുമാണ്" എന്ന് ഭേദഗതി ചെയ്യുക.

(380) ഖണ്ഡം 5 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ബജനാവ്" എന്നത് നീക്കം ചെയ്യുക.

സർ, ഇത് സുതാര്യത ഉണ്ടാക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി കൊടുത്തിട്ടുള്ള ഭേദഗതിയാണ്. എന്റെ ഈ രണ്ടു ഭേദഗതികൾക്കും വിശദീകരണം വേണ്ട, പരിണത പ്രജ്ഞനായ മന്ത്രിക്ക് ഇത് വിശദീകരണം ഇല്ലാതെതന്നെ മനസ്സിലാകുന്നതുകൊണ്ട് ഞാൻ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(384) ഖണ്ഡം 5 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " അധികാരമുണ്ടായിരിക്കുന്നതാണ്" എന്നതിനുപകരം "ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കണം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(386) ഖണ്ഡം 5 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അധികാരമുണ്ടായിരിക്കുന്നതാണ്" എന്നതിനുപകരം "അവകാശമുണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

(397) ഖണ്ഡം 5 (2) (ബി)-യിൽ "സജ്ജീകരിച്ചുകൊടുക്കുതിൽ" എന്നത് "സജ്ജീകരിച്ചുകൊടുക്കുന്നതിൽ" എന്ന് ഭേദഗതി ചെയ്യുക.

സർ, 386 ബഡ്ജറ്റിന്റെ രഹസ്യ സ്വഭാവം തീർത്തും ഇല്ലാതാക്കുന്നതിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. അതിന്റെ രണ്ടാമത്തെ ഭാഗത്ത് അതിന് സർക്കാരിൽനിന്നും അധികാരമുണ്ടായിരിക്കും എന്ന ഒരു പദമുണ്ട്. അത് മാറ്റി അവകാശമുണ്ടായിരിക്കും എന്ന് ആയിക്കൊള്ളട്ടെ.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(388) ഖണ്ഡം 5 (2) (എ)-യിൽ "അനുവർത്തനത്തെ" എന്നതിനുശേഷം "ഏതെങ്കിലും വിധത്തിൽ" എന്നു ചേർക്കുക.

(400) ഖണ്ഡം 5 (2) (ബി)-യിൽ "വെളിപ്പെടുത്തേണ്ടതാണ്" എന്നതിനുപകരം "രേഖാമൂലം വെളിപ്പെടുത്തേണ്ടതാണ്" എന്നു ചേർക്കുക.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(396) ഖണ്ഡം 5 (2) (ബി)-യിൽ "ബാദ്ധ്യതകളും" എന്ന വാക്കിനുശേഷം "വ്യക്തമാക്കുന്ന കൃത്യമായ കണക്കുകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(399) ഖണ്ഡം 5 (2) (ബി)-യിൽ "ബഡ്ജറ്റിനു പുറമേയുള്ള കടം വാങ്ങലുകളും" എന്നതിനുശേഷം "നിയമനിർമ്മാണം മുഖേനയോ ഡിബഞ്ചറുകൾ പുറപ്പെടുവിച്ചുകൊണ്ടോ മറ്റു വിധത്തിലോ സംഭരിച്ച തുകയുടെ വിവരങ്ങളും" എന്നു ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: പ്രായോഗികമായിട്ടുള്ളിടത്തോളം എന്ന കരാർ കുടിശ്ശിക ബാദ്ധ്യത കിടന്നാൽ അർത്ഥമെന്താണ് എന്നു പറഞ്ഞാൽ പ്രായോഗികമല്ലാത്ത കരാർ കുടിശ്ശിക ഉണ്ടെന്നാണ്. കരാർ കുടിശ്ശിക ഇവിടെ പ്രായോഗികമായിടത്തോളം എന്ന് പറഞ്ഞുകൂടാ. അപ്പോൾ അതുകൊണ്ട് പ്രായോഗികമായിടത്തോളം എന്നുള്ളത് ഡെലീറ്റ് ചെയ്യണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ബഹുമാനപ്പെട്ട കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റുഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: 397-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

397-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 370, 372, 373, 384 എന്നീ ഭേദഗതികൾക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—32

1. Sri A. A. Azees
2. ,, Kodiyeri Balakrishnan
3. ,, A. K. Balan
4. ,, Binoy Viswam
5. ,, V. K. Chandran
6. ,, V. Chenthamarakshan
7. ,, T. K. Deva Kumar
8. ,, P. C. George
9. Smt. Girija Surendran
10. Sri K. K. Jayachandran
11. ,, M. V. Jayarajan
12. ,, P. Jayarajan
13. ,, M. Kumaran
14. ,, K. V. Kunhiraman
15. ,, Kovoor Kunjumon
16. ,, V. K. C. Mammathu Koya
17. ,, Mathai Chacko
18. ,, K. P. Mohanan
19. ,, Pirappancode Murali
20. ,, C. K. Nanu
21. ,, P. Narayanan
22. Dr. A. Neelalohithadasan Nadar
23. Sri K. Radhakrishnan
24. ,, N. Rajan
25. ,, K. P. Rajendran
26. ,, Raju Abraham
27. ,, T. P. Ramakrishnan
28. ,, Saju Paul
29. ,, A. C. Shanmughadas

LIBRARY ARCHIVES Kerala Legislative Assembly

30. Smt. P. K. Sreemathi Teacher
31. Sri P. S. Supal
32. Dr. Thomas Issac

പ്രതികൂലിക്കുന്നവർ—56

1. Sri Kalathil Abdulla
2. „ C. T. Ahammed Ali
3. „ A. P. Anil Kumar
4. „ A. K. Antony
5. „ N. D. Appachan
6. „ K. Babu
7. „ T. V. Chandramohan
8. „ K. A. Chandran
9. „ M. A. Chandrasekharan
10. „ Dominic Presentation
11. „ P. P. George
12. „ Prayar Gopalakrishnan
13. „ M. M. Hassan
14. „ V. K. Ibrahim Kunju
15. „ Ishaque Kurikkal
16. „ T. M. Jacob
17. „ K. C. Joseph
18. „ Joseph M. Puthusseri
19. „ P. J. Joy
20. „ K. K. Nair
21. Dr. M. A. Kuttapan
22. Sri K. Kutty Ahammed Kutty
23. „ Ludy Luiz
24. „ C. Mammootty
25. „ K. M. Mani
26. „ K. Mohammedali
27. „ C. Moyinkutty
28. „ M. K. Muneer
29. „ M. Murali
30. Prof. A. D. Musthafa
31. Sri K. Narayanakurup
32. „ Oommen Chandy
33. „ M. K. Paulson Master
34. „ V. J. Poulose
35. „ T. N. Prathapan

LIBRARY ARCHIVES Kerala Legislative Assembly

36. Sri Thiruvanchoor Radhakrishnan
37. Smt. Radha Raghavan
38. ,, A. N. Rajan Babu
39. ,, Thampanoor Ravi
40. ,, Roshi Augustine
41. ,, T. P. M. Sahir
42. ,, N. Sakthan
43. ,, K. Sankaranarayanan
44. Smt. Malethu Sarala Devi
45. Sri V. D. Satheesan
46. Prof. Savithri Lekshmanan
47. Sri Shibu Baby John
48. ,, Kadavoor Sivadasan
49. ,, A. Sujanapal
50. ,, N. Sundaran Nadar
51. Prof. K. V. Thomas
52. Sri P. T. Thomas
53. ,, Thomas Chazhikadan
54. ,, M. A. Waheed
55. ,, K. C. Venugopal
56. ,, K. P. Viswanathan

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—32

പ്രതികൂലിക്കുന്നവർ—56

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 365, 381, 390, 395 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 366, 371, 377 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 367-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 368, 369 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 376, 389, 392, 398 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 379, 380 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച 388, 400 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി.ടി. തോമസ് അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(401) ഖണ്ഡം 6 (1)-ന്റെ പ്രാരംഭത്തിൽ "ഈ" എന്ന് ചേർക്കുക.

ഏത് ആക്ടാണെന്ന് വ്യക്തമാക്കാൻ വേണ്ടിയുള്ള ഭേദഗതിയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(402) ഖണ്ഡം 6 (1)-ൽ "ആക്ടിന്റെ പ്രാരംഭത്തിനുശേഷം" എന്നത് "ആക്ട് നിലവിൽ വന്നതിനുശേഷം" എന്ന് ഭേദഗതി ചെയ്യുക.

പൊതുചെലവ് പരിശോധനാ കമ്മിറ്റിയാണെന്നാണ് വ്യക്തമാക്കിയിരുന്നത്. ഇതിൽ പറയുന്നത് ആക്ടിന്റെ പ്രാരംഭത്തിനുശേഷമെന്നാണ്. മലയാളവും ഇംഗ്ലീഷും എല്ലാംകൂടി വല്ലാത്ത ഒരു ബില്ലായിട്ടാണ് വരുന്നത്. മംഗ്ലീഷ് ആണെന്നാണ് തോന്നുന്നത്. ആക്ടിന്റെ പ്രാരംഭത്തിനുശേഷമെന്നത് ആക്ട് നിലവിൽ വന്നതിനുശേഷം എന്നാക്കുന്നതാണ് നല്ലത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(404) ഖണ്ഡം 6 (1)-ൽ "കഴിയുന്നത്ര വേഗം" എന്നതിനുപകരം "നിശ്ചിത തീയതിക്കുള്ളിൽ" എന്ന വാക്ക് ചേർക്കുക.

(408) ഖണ്ഡം 6 (1)-ൽ "പൊതുച്ചെലവ് പുനഃപരിശോധന കമ്മിറ്റി" എന്നതിനുപകരം "പൊതുചെലവ് പുനഃപരിശോധന നിയന്ത്രണ കമ്മിറ്റി" എന്ന് ഭേദഗതി ചെയ്യുക.

(410) ഖണ്ഡം 6 (2)-ൽ "സാമ്പത്തിക നിർവ്വഹണം" എന്ന വാക്കുകൾ ഒഴിവാക്കുക.

(417) ഖണ്ഡം 6 (2)-ൽ "അഞ്ചിൽ കവിയാത്ത" എന്നത് "നാലിൽ കവിയാത്ത" എന്ന് മാറ്റി ചേർക്കുക.

(420) ഖണ്ഡം 6 (3)-ൽ "ധനകാര്യമന്ത്രി" എന്ന വാക്കിനുശേഷം "നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ" എന്നുകൂടി ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(421) ഖണ്ഡം 6 (3)-ൽ "പ്രതിപക്ഷ നേതാവ്" എന്ന വാക്കിനുശേഷം "കംപ്ട്രോളർ ആന്റ് അഡിറ്റർ ജനറൽ നാമനിർദ്ദേശം ചെയ്യുന്ന അക്കൗണ്ടന്റ് ജനറൽ" എന്ന് കൂട്ടിച്ചേർക്കുക.

(423) ഖണ്ഡം 6 (3)-ൽ "ഒരു തെരഞ്ഞെടുപ്പ് കമ്മിറ്റി" എന്നതിനുപകരം "ഒരു നാലംഗ തെരഞ്ഞെടുപ്പ് കമ്മിറ്റി" എന്ന വാക്കുകൾ ചേർക്കുക.

പി.എ.സി.-യുടെ ചെയർമാൻകൂടി അതിനകത്ത് ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. പുനഃപരിശോധനയ്ക്ക് മാത്രമല്ല, ഇതിന്റെ നിയന്ത്രണത്തിനുകൂടിയുള്ള വ്യവസ്ഥ ചെയ്യുന്നത് നന്നായിരിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(406) ഖണ്ഡം 6 (1)-ൽ "കഴിയുന്നത്ര വേഗം" എന്ന വാക്കുകൾക്കുപകരം "നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

Modernisation in Government Programme, (M.G.P.)-ന്റെ ഭാഗമാണ് ഇത്. ബഡ്ജറ്റിന്റെ മുകളിൽ ഒരു സൂപ്പർ കമ്മിറ്റി വരികയാണ്. ഒരു രൂപത്തിലും ഇത് അംഗീകരിക്കാൻ പറ്റാത്തതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(407) ഖണ്ഡം 6 (1)-ൽ "കഴിയുന്നത്ര വേഗം" എന്ന വാക്കുകൾ ഒഴിവാക്കി "ഒരു മാസത്തിനകം" എന്ന് ചേർക്കുക.

(411) ഖണ്ഡം 6 (2)-ൽ "നിയമം" എന്ന വാക്കിനുശേഷം "തദ്ദേശ സ്വയംഭരണം, മാനേജ്മെന്റ്, പൊതുമേഖല" എന്നീ വാക്കുകളും, "അഞ്ചിൽ കവിയാത്ത" എന്ന വാക്കുകൾക്കുപകരം "ഏഴിൽ കവിയാത്ത" എന്ന വാക്കുകളും ചേർക്കുക.

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(409) ഖണ്ഡം 6 (1)-ൽ "പുനഃപരിശോധന" എന്ന വാക്കിനുപകരം "അവലോകന" എന്ന വാക്ക് ചേർത്ത് ഭേദഗതി ചെയ്യുക.

(432) ഖണ്ഡം 6 (3)-ൽ താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"(3) മുഖ്യമന്ത്രി, ധനകാര്യമന്ത്രി, പ്രതിപക്ഷ നേതാവ്, ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ നാമനിർദ്ദേശം ചെയ്ത അക്കൗണ്ടന്റ് ജനറൽ എന്നിവർ ഉൾപ്പെടുന്ന ഒരു തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ശുപാർശപ്രകാരം സർക്കാർ കമ്മിറ്റിയിലെ അംഗങ്ങളെ നിയമിക്കേണ്ടതാണ്."

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(413) ഖണ്ഡം 6 (2)-ൽ "എന്നീ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള" എന്നതിനുപകരം "എന്നീ ഓരോ മേഖലയിലും വൈദഗ്ദ്ധ്യമുള്ളതും മികവ് തെളിയിച്ചിട്ടുള്ളതുമായ" എന്ന് ചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(414) ഖണ്ഡം 6 (2)-ൽ "എന്നീ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള അഞ്ചിൽ കവിയാത്ത" എന്നതിനുപകരം "എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(431) ഖണ്ഡം 6 (3)-ൽ "അംഗങ്ങളെ" എന്ന വാക്കിനു മുമ്പായി "നിശ്ചിത" എന്ന വാക്കുകൂടി ചേർക്കുക.

(435) ഖണ്ഡം 6 (4)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുപകരം "തീരുമാനിച്ചത്" എന്ന വാക്ക് ചേർക്കുക.

ഓഡിറ്റിന്റേയും അക്കൗണ്ടിന്റേയും ആവശ്യമില്ല. ഇതിനുശേഷം ഓഡിറ്റ് ചെയ്യുന്നു. അതുകൊണ്ട് കമ്മിറ്റിക്ക് ഓഡിറ്റിന്റേയും അക്കൗണ്ടിന്റേയും ആവശ്യമില്ല.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(415) ഖണ്ഡം 6 (2)-ൽ "വൈദഗ്ദ്ധ്യമുള്ള" എന്ന വാക്കിനുശേഷം "സർക്കാർ സർവ്വീസിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(434) ഖണ്ഡം 6 ഉപഖണ്ഡം (4)-ൽ "വ്യവസ്ഥകളും" എന്ന വാക്കിനുശേഷം " ഉപഖണ്ഡം (3) പ്രകാരമുള്ള കമ്മിറ്റി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(418) ഖണ്ഡം 6 (2)-ൽ "അംഗങ്ങളുണ്ടായിരിക്കേണ്ടതാണ്" എന്ന വാക്കിനുശേഷം "ആസൂത്രണ രംഗത്തെ വിദഗ്ദ്ധർ ടി കമ്മിറ്റിയുടെ ചെയർമാനായിരിക്കേണ്ടതാണ്" എന്ന വാചകംകൂടി ചേർക്കേണ്ടതാണ്.

നമുക്കെന്തിനാണ് ഈ ആറാം വകുപ്പ്? പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റി എന്നാണ് പറയുന്നത്. കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2002 ജനുവരി 16-ാം തീയതിയിലെ ഉത്തരവനുസരിച്ച് മാൻപവർ, രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ പ്രവർത്തനംതന്നെ സമയോജിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല. പുനർവിന്യാസത്തിനുവേണ്ടിയാണ് അവരെ ചുമതലപ്പെടുത്തിയത്. ഫലത്തിൽ നിയമന നിരോധനമാണ് ഇതിന്റെ ഫലമായിട്ടുണ്ടാകുന്നത്. പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റി എന്ന് പറയുന്നത്, കാബിനറ്റിനുമേൽ ബാഹ്യമായ അടിച്ചേൽപ്പിക്കൽ നടത്തുന്നു. അത് ഒരു കാരണവശാലും നീതീകരിക്കാൻ കഴിയുന്നില്ല.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(419) ഖണ്ഡം 6 (2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"കമ്മിറ്റിയിൽ ധനകാര്യം, സാമ്പത്തിക നിർവ്വഹണം, ആസൂത്രണം, അക്കൗണ്ടുകളും ആഡിറ്റും, നിയമം എന്നീ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള അഞ്ച് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്."

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(425) ഖണ്ഡം 6 (3)-ൽ "തയ്യാറാക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളവരിൽനിന്നും" എന്നീ വാക്കുകൾ "കമ്മിറ്റിയുടെ ശുപാർശപ്രകാരം" എന്നീ വാക്കുകൾക്കും "സർക്കാർ" എന്ന വാക്കിനും ഇടയിലായി ചേർക്കുക.

ശ്രീ. എ. സുജനപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(436) ചെണ്ഡം 6 (4)-ൽ—

(1) "വ്യവസ്ഥകളും" എന്നതിനുശേഷം "കമ്മിറ്റിയുടെ യോഗം കൂടുന്നതിനുള്ള നടപടിക്രമങ്ങളും കമ്മിറ്റിയെ സംബന്ധിക്കുന്ന മറ്റ് കാര്യങ്ങളും" എന്നു ചേർക്കുക.

(2) "പ്രകാരമായിരിക്കേണ്ടതാണ്" എന്നതിനുപകരം "പ്രകാരമായിരിക്കുന്നതാണ്".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, പ്രൊഫസർ സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 401-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: പ്രൊഫസർ സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 401-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 401-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—29

1. Sri A. A. Azees
2. ,, Kodiyeri Balakrishnan
3. ,, A. K. Balan
4. ,, Binoy Viswam
5. ,, V. K. Chandran
6. ,, T. K. Devakumar
7. ,, P. C. George
8. Smt. Girija Surendran
9. Sri K. K. Jayachandran
10. ,, M. V. Jayarajan
11. ,, M. Kumaran
12. ,, K. V. Kunhiraman
13. ,, Kovoor Kunjumon
14. ,, V. K. C. Mammathu Koya
15. ,, Mathai Chacko
16. ,, K. P. Mohanan
17. ,, Pirappancode Murali
18. ,, C. K. Nanu
19. ,, P. Narayanan

LIBRARY ARCHIVES Kerala Legislative Assembly

20. Dr. A. Neelalohithadasan Nadar
21. Sri K. Radhakrishnan
22. ,, N. Rajan
23. ,, K. P. Rajendran
24. ,, Raju Abraham
25. ,, T. P. Ramakrishnan
26. ,, Saju Paul
27. ,, A. C. Shanmughadas
28. Smt. P. K. Sreemathi Teacher
29. Dr. Thomas Issac

പ്രതികൂലിക്കുന്നവർ—50

1. Sri C. T. Ahammed Ali
2. ,, A. P. Anil Kumar
3. ,, A. K. Antony
4. ,, N. D. Appachan
5. ,, E. M. Augusthy
6. ,, K. Babu
7. ,, T. V. Chandramohan
8. ,, K. A. Chandran
9. ,, M. A. Chandrasekharan
10. ,, Domenic Presentation
11. ,, P. P. George
12. ,, Prayar Gopalakrishnan
13. ,, M. M. Hassan
14. ,, Ishaque Kurikkal
15. ,, T. M. Jacob
16. ,, K. C. Joseph
17. ,, Joseph M. Puthusseri
18. ,, P. J. Joy
19. ,, Varkala Kahar
20. ,, K. K. Nair
21. ,, K. Kutty Ahammed Kutty
22. ,, Ludy Luiz
23. ,, C. Mammootty
24. ,, K. M. Mani
25. ,, K. Mohammedali
26. ,, C. Moyinkutty
27. ,, M. K. Muneer
28. ,, K. Narayanakurup

LIBRARY ARCHIVES Kerala Legislative Assembly

29. Sri Ezhukone Narayanan
30. ,, Oommen Chandy
31. ,, M. K. Paulson Master
32. ,, T. N. Prathapan
33. ,, Thiruvanchoor Radhakrishnan
34. Smt. Radha Raghavan
35. Sri A. N. Rajan Babu
36. ,, Thampanoor Ravi
37. ,, N. Sakthan
38. ,, K. Sankaranarayanan
39. Smt. Malethu Sarala Devi
40. Sri V. D. Satheesan
41. Prof. Savithri Lekshmanan
42. Sri Kadavoor Sivadasan
43. ,, A. Sujanapal
44. ,, N. Sundaran Nadar
45. Prof. K. V. Thomas
46. Sri P. T. Thomas
47. ,, Thomas Chazhikadan
48. ,, M. A. Waheed
49. ,, K. C. Venugopal
50. ,, K. P. Viswanathan

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—29

പ്രതികൂലിക്കുന്നവർ—50

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 402-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 404, 408, 410, 417, 420, 421, 423 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 406-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 407, 411 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഡോ. തോമസ് ഐസക് അവതരിപ്പിച്ച 409, 432 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 414, 431, 435 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 415-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 419-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 425-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. സുജനപാൽ അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(437) ഖണ്ഡം 7-ൽ "മുൻവർഷത്തിൽ" എന്നതിനു പകരം "നടപ്പുവർഷത്തിൽ" എന്നു ചേർക്കണം.

(449) ഖണ്ഡം 7-ന് താഴെപ്പറയുംപ്രകാരം (2) എന്ന ഒരു ഉപവകുപ്പുകൂടി ഉൾപ്പെടുത്തുകയും നിലവിലുള്ളത് (1) എന്ന് നമ്പർ നൽകുകയും ചെയ്യുക:

"(2) കമ്മിറ്റി റിപ്പോർട്ടും പ്രസ്തുത റിപ്പോർട്ടിൻമേൽ സർക്കാർ കൈക്കൊണ്ട നടപടികളും നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്."

(454) ഖണ്ഡം 7 താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"7. മുൻവർഷത്തിൽ ധനസംബന്ധമായ ലക്ഷ്യങ്ങളിൽനിന്നും വ്യതിചലനം ഉണ്ടായിട്ടുള്ളിടത്ത് ഓരോ ഇനത്തിന്റേയും പൂർണ്ണവിവരം നൽകുന്നതും സർക്കാരിന്റെ പാഴ്ച്ചെലവും ധൂർത്തും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതുമായ ഒരു പുനഃപരിശോധന റിപ്പോർട്ട് ഓരോ നാല് മാസത്തിനുള്ളിലും കമ്മിറ്റി സർക്കാരിന് സമർപ്പിക്കേണ്ടതാണ്."

സർ, 449-ലെ ഒരു പ്രധാന വിഷയം, ഇപ്പോൾ അംഗീകരിച്ച ആറാം വകുപ്പിലെ പൊതു ചെലവ് പുനഃപരിശോധനാ കമ്മിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വചിക്കുന്നതാണ്. അവരുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്ന് പറയുന്നുണ്ട്. റിപ്പോർട്ട് സർക്കാരിന് മാത്രം സമർപ്പിച്ചാൽ പോരാ. പി.എ.സി.-യുടെ റിപ്പോർട്ടുപോലും നിയമസഭയുടെ മുമ്പാകെ വയ്ക്കുന്നുണ്ട്. അതുകൊണ്ട് അത് നിയമസഭയുടെ മുമ്പാകെ

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി. 454-ൽ, ഏഴാം വകുപ്പിന് മുൻപ് പുതുതായി ഒരു പ്രൊവൈസോ ചേർക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇതിനെത്തുടർന്ന് കമ്മിറ്റി ചെലവ് സംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ചെലവ് സംബന്ധിച്ച് പരിശോധിച്ച് കണ്ടെത്തുന്ന കാര്യങ്ങളിൽ ധൂർത്ത്, പാഴ്ച്ചെലവ് എന്നിവ ഉണ്ടാകുകയില്ല. നാല് മാസത്തിലൊരിക്കൽ ഇതു സംബന്ധിച്ച് കൃത്യമായ റിപ്പോർട്ട് ഗവൺമെന്റിന്റെ പക്കൽ കൊടുക്കണം. അതിന്മേൽ നടപടി എടുക്കുകയും ചെയ്യണം. അല്ലെങ്കിൽ ഈ കമ്മിറ്റി വന്നതുകൊണ്ട് പ്രയോജനമില്ല.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(440) ഖണ്ഡം 7-ൽ "മുൻവർഷത്തിൽ" എന്നതിനുപകരം "കഴിഞ്ഞ വർഷത്തിൽ" എന്നു ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(441) ഖണ്ഡം 7-ൽ "മുൻവർഷങ്ങളിൽ ധനസംബന്ധമായ" എന്ന വാക്കുകൾക്കു ശേഷം "ലക്ഷ്യങ്ങളിൽ" എന്ന വാക്കുകൾക്കുപകരം "വരവുചെലവുകളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

മുൻവർഷങ്ങളിലെ ധനസംബന്ധമായ ലക്ഷ്യങ്ങളെ പരിപൂർണ്ണമായും ഈ കമ്മിറ്റി പരിശോധിക്കുന്നില്ല. വരവുചെലവ് മാത്രമേ പരിശോധിക്കുന്നുള്ളൂ. അതുകൊണ്ട് ലക്ഷ്യങ്ങളിൽ എന്നുള്ളത് മാറ്റി ധനസംബന്ധമായ വരവ് ചെലവ് കണക്കുകളിൽനിന്നും വ്യതിചലനം എന്ന് മാറ്റണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(442) ഖണ്ഡം 7-ൽ "ലക്ഷ്യങ്ങളിൽനിന്നും" എന്ന വാക്കിനുശേഷം "തീരുമാനങ്ങളിൽനിന്നും" എന്നുകൂടി ചേർക്കേണ്ടതാണ്.

(448) ഖണ്ഡം 7-ൽ "ഇടവേളകളിലും" എന്നതിനുപകരം "മൂന്നു മാസത്തിലൊരിക്കൽ" എന്നു മാറ്റണം.

(451) ഖണ്ഡം 7-ൽ പുതിയ ഉപഖണ്ഡമായി താഴെപ്പറയുന്നത് ചേർക്കുകയും നിലവിലുള്ളത് (1) എന്ന് ചേർക്കുകയും ചെയ്യുക.

"(2) നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പുനഃപരിശോധനാ റിപ്പോർട്ട് പരിശോധിക്കുകയും പ്രസ്തുത റിപ്പോർട്ട് കമ്മിറ്റിയുടെ ശുപാർശയോടുകൂടി നിയമസഭയിൽ യഥാസമയം വയ്ക്കേണ്ടതുമാണ്."

സർ, ഇത് ഗവൺമെന്റിന് കൊടുത്തു കഴിഞ്ഞിട്ട് ഗവൺമെന്റ് അത് പരിശോധിച്ച് പി. എ. സി.-യുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം നിയമസഭയിൽ വയ്ക്കണം. അത് ഉറപ്പുവരുത്തണം.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(443) ഖണ്ഡം 7-ൽ "പുനഃപരിശോധനാ റിപ്പോർട്ട്" എന്നതിനുപകരം "പുനഃപരിശോധനാ റിപ്പോർട്ടും പരിഹാര നിർദ്ദേശങ്ങളും" എന്ന് ചേർക്കണം.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(444) ഖണ്ഡം 7-ൽ "റിപ്പോർട്ട്" എന്ന വാക്കിനുശേഷം "വ്യക്തമായ കണക്കുകളും ഉൾപ്പെടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(446) ഖണ്ഡം 7-ൽ "റിപ്പോർട്ട് നിർണ്ണയിക്കപ്പെടാവുന്ന" എന്നീ വാക്കുകൾക്കിടയിൽ താഴെപ്പറയുന്ന വാക്കുകൾക്കൂടി ചേർക്കുക:

"പരിഹാര നടപടികൾ വ്യക്തമാക്കിക്കൊണ്ടും."

സർ, കമ്മിറ്റി പുനഃപരിശോധിച്ച റിപ്പോർട്ട് വയ്ക്കണമെന്ന് മാത്രമേ പറയുന്നുള്ളൂ. റിപ്പോർട്ടിനകത്ത് പരിഹാര നടപടി എന്താണെന്ന് പറയേണ്ട കാര്യം കാണുന്നില്ല. അതുകൊണ്ട് പരിഹാര നടപടിയുംകൂടി വ്യക്തമാക്കിക്കൊണ്ടുള്ള റിപ്പോർട്ടാണ് അവർ സമർപ്പിക്കേണ്ടത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(447) ഖണ്ഡം 7-ന്റെ ഒടുവിൽ "രീതിയിലും" "ഇടവേളകളിലും" എന്ന വാക്കുകൾക്കിടയിൽ ഇനി പറയുന്നത് ചേർക്കുക:

"പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടും."

ശ്രീ. കെ. ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(450) ഖണ്ഡം 7-ന് താഴെപ്പറയുംപ്രകാരം (2) എന്ന പുതിയ ഉപവകുപ്പ് ചേർക്കുകയും നിലവിലുള്ളത് (1) എന്ന് നമ്പർ നൽകുകയും ചെയ്യുക:

"(2) കമ്മിറ്റി ഗവൺമെന്റിന് സമർപ്പിക്കുന്ന റിപ്പോർട്ടും അതിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടിയുടെ സ്റ്റേറ്റുമെന്റും നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്".

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(452) ഖണ്ഡം 7-ൽ രണ്ടാം ഉപഖണ്ഡമായി താഴെപ്പറയുന്നവ ചേർക്കുക.

(2) "ധനസംബന്ധമായ ലക്ഷ്യങ്ങളിൽനിന്ന് വ്യതിചലനം ഉണ്ടായിട്ടുള്ളിടത്ത് അതിന് ഉത്തരവാദികളായവരുടെ മേൽ എടുക്കേണ്ട ശിക്ഷണ നടപടികൾ ശുപാർശ ചെയ്യുന്നതിന് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്."

സർ, ധനസംബന്ധമായ ലക്ഷ്യങ്ങളിൽനിന്ന് വ്യതിചലനമുണ്ടാകുമ്പോൾ അതിന് ഉത്തരവാദികളായവരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യാൻ കമ്മിറ്റിക്ക് അധികാരമുണ്ടാകണമെന്നുള്ളതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഈ ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 441 ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 449, 454 ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 451 എന്നീ ഭേദഗതികൾക്ക് പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—31

1. Sri Manjalamkuzhi Ali
2. ,, A. A. Azees
3. ,, Kodiyeri Balakrishnan
4. ,, A. K. Balan
5. ,, T. K. Balan
6. ,, Binoy Viswam
7. ,, V. K. Chandran
8. ,, T. K. Devakumar
9. ,, P. C. George
10. Smt. Girija Surendran
11. Sri K. K. Jayachandran
12. ,, M. V. Jayarajan
13. ,, P. Jayarajan
14. ,, M. Kumaran
15. ,, K. V. Kunhiraman
16. ,, Kovoor Kunjumon
17. ,, V. K. C. Mammathu Koya
18. ,, Mathai Chacko
19. ,, K. P. Mohanan
20. ,, Pirappancode Murali
21. ,, C. K. Nanu
22. ,, P. Narayanan
23. Dr. A. Neelalohithadasan Nadar
24. Sri K. Radhakrishnan
25. ,, K. P. Rajendran
26. ,, Raju Abraham
27. ,, T. P. Ramakrishnan
28. ,, A. C. Shanmughadas
29. Smt. P. K. Sreemathi Teacher
30. Sri P. S. Supal
31. Dr. Thomas Issac

പ്രതികൂലിക്കുന്നവർ—54

1. Sri Kalathil Abdulla
2. ,, C. T. Ahammed Ali

LIBRARY ARCHIVES Kerala Legislative Assembly

3. Sri A. P. Anil Kumar
4. ,, A. K. Antony
5. ,, N. D. Appachan
6. ,, E. M. Augusthy
7. ,, K. Babu
8. ,, T. V. Chandramohan
9. ,, K. A. Chandran
10. ,, M. A. Chandrasekharan
11. ,, Domenic Presentation
12. ,, P. P. George
13. ,, Prayar Gopalakrishnan
14. ,, M. M. Hassan
15. ,, T. M. Jacob
16. ,, K. C. Joseph
17. ,, Joseph M. Puthusseri
18. ,, P. J. Joy
19. ,, Varkala Kahar
20. ,, K. K. Nair
21. ,, P. K. Kunhalikutty
22. ,, K. Kutty Ahammed Kutty
23. ,, Ludy Luiz
24. ,, C. Mammootty
25. ,, K. M. Mani
26. ,, K. Mohammedali
27. ,, K. Mohankumar
28. ,, M. K. Muneer
29. ,, K. Narayanakurup
30. ,, Ezhukone Narayanan
31. ,, Oommen Chandy
32. ,, M. K. Paulson Master
33. ,, T. N. Prathapan
34. ,, Thiruvanchoor Radhakrishnan
35. ,, T. U. Radhakrishnan
36. Smt. Radha Raghavan
37. Sri A. N. Rajan Babu
38. ,, Thampanoor Ravi
39. ,, T. P. M. Sahir
40. ,, N. Sakthan
41. ,, K. Sankaranarayanan
42. Smt. Malethu Sarala Devi

LIBRARY ARCHIVES Kerala Legislative Assembly

43. Sri V. D. Satheesan
44. Prof. Savithri Lekshmanan
45. Sri Kadavoor Sivadasan
46. ,, A. Sujanapal
47. ,, N. Sundaran Nadar
48. Prof. K. V. Thomas
49. Sri P. T. Thomas
50. ,, Thomas Chazhikadan
51. ,, Umesh Challiyil
52. ,, M. A. Waheed
53. ,, K. C. Venugopal
54. ,, K. P. Viswanathan

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—31

പ്രതികൂലിക്കുന്നവർ—54

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 440-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 442, 448 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 443-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 446-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 447-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 450-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 452-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(455) ഖണ്ഡം 8 (1)-ൽ "വരുംവർഷത്തിൽ" എന്നതിനു മുമ്പായി "മുൻവർഷത്തിന്റെ അനുഭവത്തിൽ" എന്ന്കൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(458) ഖണ്ഡം 8 (1)-ൽ "ആകസ്മിക" എന്ന വാക്ക് ഒഴിവാക്കുക.

ഒരു വാക്ക് പറയുന്നു. ഇതിൽ അനുവർത്തന ചെലവുകൾ നടപ്പിലാക്കാനുള്ള നടപടികളാണ്. ഇതിൽ വരുംവർഷത്തിൽ എന്നാണ് പറഞ്ഞിരിക്കുന്നത്. വരുംവർഷത്തിന്റെ അനുഭവത്തിൽ ഇപ്രാവശ്യം കാര്യങ്ങൾ നിശ്ചയിക്കുന്നു. വരുംവർഷങ്ങളിലെ
11.00 A.M.] കാര്യങ്ങൾ എങ്ങനെ മുൻകൂട്ടി പറയാൻ കഴിയും. അത് മുൻവർഷത്തെ അനുഭവത്തിൽ എന്നാക്കണം. അതേരൂപത്തിൽ ഇതിൽ മറ്റൊരു കാര്യം പറയുന്നുണ്ട്. വരുംവർഷത്തിൽ ഒരു വെള്ളപ്പൊക്കം ഉണ്ടാകും, 10 ആളുകൾ മരിക്കും. അതല്ലെങ്കിൽ ഉരുൾപൊട്ടലുണ്ടാകും 50 ആളുകൾ മരിക്കും. അതെങ്ങനെയാണ് ഈ വർഷത്തിൽ തീരുമാനിക്കാൻ കഴിയുക? അതിൽ ആകസ്മികം എന്നു പറയുന്ന ഒരു വാക്കുണ്ട്. ആ വാക്ക് ഒഴിവാക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(456) ഖണ്ഡം 8 (1)-ൽ "സർക്കാർ എടുക്കുന്ന ആകസ്മിക നടപടികൾ" എന്നത് "സർക്കാർ എടുക്കാവുന്ന അടിയന്തിര നടപടികൾ" എന്നാക്കേണ്ടതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(457) ഖണ്ഡം 8 (1)-ൽ "സർക്കാർ എടുക്കുന്ന ആകസ്മിക നടപടികൾ" എന്നതിനു പകരം "സർക്കാർ സ്വീകരിക്കുന്ന നടപടികൾ" എന്ന് ഭേദഗതി ചെയ്യുക.

ആകസ്മിക നടപടികൾ എന്നൊരു പദം യഥാർത്ഥത്തിൽ മലയാളത്തിന്റെ ഘടനയ്ക്ക് ചേരുന്നതല്ല. അതുകൊണ്ട് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്ന ഭേദഗതിയാണ് നല്ലത്. അത് സ്വീകരിക്കണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(459) ഖണ്ഡം 8 (1)-ൽ "സഞ്ചിതനിധിയിൽനിന്നും" എന്നു തുടങ്ങി "വിധത്തിലായിരിക്കുന്നതുമാണ്" എന്നതുവരെയുള്ള ഭാഗം ഒഴിവാക്കേണ്ടതാണ്.

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(460) ഖണ്ഡം 8 (1)-ൽ "സംവിധാനങ്ങളും", "സംവിധാനങ്ങളുടെ" എന്നീ വാക്കുകൾക്കുപകരം "സൂചകങ്ങളും", "സൂചകങ്ങളുടെ" എന്നീ വാക്കുകൾ യഥാക്രമം ചേർക്കുക.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(461) ഖണ്ഡം 8 (1)-ൽ "അതുപോലെതന്നെ" എന്നത് ഒഴിവാക്കുക.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(462) ഖണ്ഡം 8 (1)-ലെ "ആയിരിക്കേണ്ടതാണ്" എന്ന വാക്കു മാറ്റി "ആയിരിക്കേണ്ടതും നിയമനിർമ്മാണംവഴി നടപ്പാക്കേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(463) ഖണ്ഡം 8 (2)-ൽ "വിശദീകരിച്ചുകൊണ്ട് ധനകാര്യമന്ത്രി നിയമസഭയിൽ പ്രസ്താവന നടത്തേണ്ടതും" എന്ന വാക്കുകൾ ഒഴിവാക്കി പകരം "നിയമസഭയിൽ അവതരിപ്പിക്കേണ്ടതും അംഗീകാരം വാങ്ങേണ്ടതും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഇതിൽ പൊതുവിൽ എനിക്ക് പറയാനുള്ളത്, 8-ാം വകുപ്പിൽ റവന്യൂ വരുമാനം കുറയുകയും ചെലവ് അധികമാവുകയും ചെയ്ത് കമ്മി വരികയാണെങ്കിൽ വീണ്ടും സർക്കാരിന് പണം വിനിയോഗിക്കാനുള്ള അധികാരം കൊടുക്കുകയാണ്. അങ്ങനെ കൊടുക്കുമ്പോൾ നമ്മുടെ നിയമസഭ ഒന്നും അറിയണ്ട എന്ന നിലയ്ക്കാണ് 8-ാം വകുപ്പ് പോകുന്നത്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ അതിലൊരു ഭേദഗതി വരുത്തേണ്ടതാണ്. വരുംവർഷ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിക്കേണ്ടതും അംഗീകാരം വാങ്ങേണ്ടതുമാണ് എന്നത്കൂടി ചേർത്തുകൊണ്ടേ ഇതിന് അംഗീകാരം കൊടുക്കാൻ പറ്റുകയുള്ളൂ.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(464) ഖണ്ഡം 8 (2)-ൽ "ധനകാര്യമന്ത്രി നിയമസഭയിൽ" എന്ന വാക്കുകൾക്കു ശേഷം "വരുംവർഷ ബഡ്ജറ്റ് അവതരണത്തിനു മുമ്പായി" എന്ന വാക്കുകൾകൂടി ചേർക്കുക.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(465) ഖണ്ഡം 8 (2)-ൽ "പ്രസ്താവിക്കേണ്ടതുമാണ്" എന്ന വാക്കിനുശേഷം താഴെ പറയുന്നവ കൂട്ടിച്ചേർക്കേണ്ടതാണ്:

"അതു സംബന്ധിച്ച് സഭ ചർച്ച ചെയ്യേണ്ടതും തീരുമാനം എടുക്കേണ്ടതുമാണ്".

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(467) ഖണ്ഡം 8 (2)-നുശേഷം പുതുതായി താഴെപ്പറയുന്നവിധം ഉൾപ്പെടുത്തുക:

"(3) നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിശോധനയും വിലയിരുത്തലും, നടത്തിയതിനുശേഷം അതിന്റെ ശുപാർശയോടുകൂടി റിപ്പോർട്ട് നിയമസഭയിൽ വയ്ക്കേണ്ടതാണ്."

നിയമസഭയുടെ സബ്ജക്റ്റ് കമ്മിറ്റികളായാലും നിയമസഭയെത്തന്നെ ബൈപാസ് ചെയ്തുകൊണ്ടുള്ള നടപടികളും ഉത്തരവുകളും നൽകാൻ പാടില്ല. അതാണ് ഞാൻ ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഭേദഗതികളൊന്നും സ്വീകരിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 455, 458, എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 456-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 459-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 461-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 462, 463 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 464-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 467-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(468) ഖണ്ഡം 9 (1)-ൽ "ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്ന വാക്കിനു പകരം "ചട്ടങ്ങൾ ഒരു മാസത്തിനകം നിർമ്മിക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കുക.

9-ാം വകുപ്പിലെ ചട്ടങ്ങൾ ഒരു നിശ്ചിത സമയത്തിനകം നിർമ്മിക്കണമെന്നുള്ളതാണ്. അതായത് ഒരു മാസത്തിനകം ചട്ടങ്ങൾ നിർമ്മിക്കേണ്ടതാണ്. ഞാൻ ഇത് കൊണ്ടുവരുന്നതിനുള്ള കാരണം കഴിഞ്ഞ തവണ നമ്മൾ ഇവിടെ അബ്കാരി നിയമം പാസ്സാക്കി. ഒരു വർഷമായിട്ടും അബ്കാരി നിയമത്തിനനുസൃതമായിട്ടുള്ള ചട്ടങ്ങൾ കൊണ്ടുവന്നിട്ടില്ല. അതുകൊണ്ട് മാത്രം നമ്മുടെ സംസ്ഥാന ഖജനാവിന് 500 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇത് ആവർത്തിച്ചുകൂടാ. അതിന് സമയബന്ധിതമായി അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് ചട്ടം കൊണ്ടുവരണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(469) ഖണ്ഡം 9 (2)-ൽ "കഴിയുന്നത്ര വേഗം" എന്നതിനു പകരം "നിയമസഭാ സമ്മേളനത്തിൽ നിശ്ചിത സമയത്തിനുള്ളിൽ" എന്നു ചേർക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(470) ഖണ്ഡം 9 (2)-ൽ "അങ്ങനെയായിരുന്നാലും" എന്ന വാക്കിനു പകരം "എന്നിരുന്നാലും" എന്ന വാക്ക് ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 468-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 469-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 470-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(472) ഖണ്ഡം 10-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന വരുടെമേൽ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്."

(474) ഖണ്ഡം 10-ന്റെ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നതു ചേർക്കുക:

"എന്നാൽ ഉത്തമ വിശ്വാസത്തിലാണോ ചെയ്തതെന്ന കാര്യം പരിശോധിക്കുന്നതിന് കോടതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഉത്തമ വിശ്വാസത്തിൽ എടുക്കുന്ന തീരുമാനങ്ങൾ മറ്റേതെങ്കിലും വിഭാഗത്തിന് എതിരായാൽ ബന്ധപ്പെട്ട ആൾക്കോ സ്ഥാപന ത്തിനോ കോടതിയിൽ പോകാനുള്ള അവകാശം നിഷേധിച്ചുകൂടാത്തതാണ്."

ഇത് വളരെ പ്രധാനപ്പെട്ടതാണ്. 5 വർഷംകൊണ്ട് കേരളത്തെ നന്നാക്കാനാണല്ലോ നമ്മൾ തീരുമാനിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി എടുക്കുന്ന തീരുമാനം ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിലുള്ള ഒരു ഉദ്യോഗസ്ഥൻ നടപ്പിലാക്കുന്നില്ല എന്ന് വിചാരിക്കുക. അയാൾ അതിന് ഘടകവിരുദ്ധമായി ഒടക്കുകയാണെന്ന് വിചാരിക്കുക. Good faith വച്ച് അയാൾക്ക് രക്ഷപ്പെടാം. ഒരു പീനൽ പ്രൊവിഷൻ ഇതിൽ എവിടെയെങ്കിലുമുണ്ടോ? ഇത്രയും പ്രധാനപ്പെട്ട ഒരു നിയമം നടപ്പിലാക്കുമ്പോൾ, ഇത് നടപ്പിലാക്കാതിരുന്നു കഴിഞ്ഞാൽ ഇന്ന ശിക്ഷ എന്നു പറഞ്ഞിട്ടില്ല. അത് നടപ്പിലാക്കാതിരിക്കുന്ന മന്ത്രി ക്കെതിരായി നടപടി വേണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഇത് നടപ്പിലാക്കാൻ അദ്ദേഹത്തിന് ബാദ്ധ്യതയില്ലേ? നാളെ ഏതൊരാൾക്കും ഈ അനുഭവം ഉണ്ടാകും. ഇത്രയും നല്ല ഒരു നിയമം പൈലറ്റ് ചെയ്ത മന്ത്രി ഈ നിയമം എനിക്ക് നടപ്പിലാക്കാൻ കഴിയുന്നി ല്ലെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തിരിക്കുന്നു. ഈ സഭ എന്നെ ശിക്ഷി ക്കാവുന്നതാണ് എന്ന ഒരു വാക്ക് ഇതിൽ വച്ചാൽ കേരളത്തിൽ നമുക്ക് അഭിമാനത്തോടുകൂടി നിൽക്കാം. അതിന് വേണ്ടിയാണ് ഞാൻ എന്റെ ഭേദഗതി കൊണ്ടുവന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(473) ഖണ്ഡം 10-ന്റെ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ നിശ്ചയിക്കപ്പെടുന്ന അധികാരങ്ങൾ കമ്മിറ്റി നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തുകയും വേണം."

ഇതിൽ നടപ്പിലാക്കും എന്നത് സംബന്ധിച്ച് വിശ്വാസമില്ല. അതുകൊണ്ട് അതിൽ ഒരു പ്രൊവിഷൻ ചേർക്കണം. എന്നാൽ നിശ്ചയിക്കപ്പെടുന്ന അധികാരങ്ങൾ കമ്മിറ്റി നടപ്പി ലാക്കുന്നു എന്ന് ഉറപ്പുവരുത്തണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(475) ഖണ്ഡം 10 താഴെപ്പറയുന്നവിധം ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

"ഉത്തമ വിശ്വാസപൂർവ്വം എടുത്ത പ്രവൃത്തിക്ക് സംരക്ഷണം.— ഈ ആക്റ്റിന്റെ കീഴിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിൻകീഴിലോ ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ള കാര്യങ്ങൾക്ക് ആവശ്യമായ സംരക്ഷണം ഉണ്ടാകുന്നതാണ്."

ഇതിൽ ഉത്തമവിശ്വാസപൂർവ്വം ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ഒരു നടപടി എടുത്തു കഴിഞ്ഞാൽ പിന്നെ നമുക്കത് ചോദ്യം ചെയ്യാനോ നടപടിയെടുക്കാനോ കഴിയില്ല എന്നൊരു വ്യവസ്ഥ വച്ചാൽ എല്ലാ ഉദ്യോഗസ്ഥൻമാരും എല്ലാ കാലത്തും ഒരുപോലെ ആകണമെന്നില്ല. നമുക്കത് ചോദ്യം ചെയ്യാൻപോലും കഴിയാത്ത ഒരവസ്ഥ ഉണ്ടാക്കരുത്.

മി. സ്പീക്കർ: അത് എന്തിനാണ്? അത് ആരാണ് എഴുതിവച്ചത്? ഉദ്യോഗസ്ഥന്മാർ എഴുതിച്ചേർത്തതായിരിക്കും. അത് ഡിലീറ്റ് ചെയ്യണമെന്ന ഭേദഗതിയുണ്ടോ?

ശ്രീ. എ. കെ. ബാലൻ: ഉത്തമവിശ്വാസത്തിലാണോ എന്ന കാര്യം പരിശോധിക്കുന്നതിന് കോടതിക്ക് അധികാരം ഉണ്ടായിരിക്കണമെന്നതാണ് എന്റെ ഭേദഗതി. ഉത്തമവിശ്വാസത്തിൽ എടുക്കുന്ന തീരുമാനങ്ങൾ മറ്റേതെങ്കിലും വിഭാഗത്തിന് എതിരായി വന്നാൽ ബന്ധപ്പെട്ട ആൾക്കോ സ്ഥാപനത്തിനോ കോടതിയിൽ പോകാനുള്ള അവകാശം വേണം. പക്ഷേ ബഹുമാനപ്പെട്ട ചെയറിന്റെ അടുക്കൽനിന്ന് strictures വന്നല്ലോ. അത് മതി. അത് തന്നെ വലിയ അത്ഭുതമാണ്.

മി. സ്പീക്കർ: ഉത്തമവിശ്വാസത്തിൽ ഉദ്യോഗസ്ഥന്മാർ ചെയ്താൽ അവർക്ക് പ്രൊട്ടക്ഷനുണ്ട്. അത് നിയമത്തിൽ പറയേണ്ടകാര്യമില്ലല്ലോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇങ്ങനെ വച്ചാൽ പിന്നെ ഒന്നും ചെയ്യാൻ സാധിക്കില്ല.

മി. സ്പീക്കർ: ഏതോ ഉദ്യോഗസ്ഥൻ എഴുതിവച്ചതാണ്. അത് ശരിയല്ല. അങ്ങനെ നിയമത്തിൽ എഴുതുന്ന പതിവില്ല. ഏത് ഉദ്യോഗസ്ഥൻ ഉത്തമവിശ്വാസത്തിൽ ചെയ്താലും അതിന് പ്രൊട്ടക്ഷനുണ്ട്. പക്ഷേ അത് നിയമത്തിൽ എഴുതിവയ്ക്കേണ്ട കാര്യമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ആർക്കും ചോദ്യം ചെയ്യാൻ കഴിയില്ല. കോടതിക്ക്പോലും ചോദ്യം ചെയ്യാൻ കഴിയില്ല. അങ്ങനെ എഴുതിവച്ച നിയമം ഇവിടെ പാസ്സാക്കിക്കൊടുത്താൽ മന്ത്രിക്ക് നടപടിയെടുക്കാൻ പറ്റുമോ? നിങ്ങളുടെ ഉദ്യോഗസ്ഥൻ ഒരു തെറ്റായ ഉത്തരവ് പുറപ്പെടുവിച്ചാൽ നടപടിയെടുക്കാൻ മന്ത്രിക്ക് അധികാരമുണ്ടോ? ഇങ്ങനെ ഒരു ക്ലാസ്സ് ഇതിൽ എഴുതിവച്ച് കഴിഞ്ഞാൽ, വകുപ്പ് പാസ്സാക്കിയാൽ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാൻ പറ്റില്ല എന്നാണ് ഇതിന്റെ അർത്ഥം. സാർ അതൊന്ന് വായിക്കണം.

ശ്രീ. എ. എൻ. രാജൻബാബു: സാധാരണ നിയമങ്ങൾ എടുത്തുനോക്കിയാൽ, ഫോറസ്റ്റ് ആക്ട് എടുത്താലും അബ്കാരി ആക്ട് എടുത്താലുമൊക്കെ good faith-ന് പ്രൊട്ടക്ഷൻ ക്ലാസ്സ് ബൈ കൊടുക്കുന്നുണ്ട്. Good faith അല്ലാത്തതിന് പ്രൊട്ടക്ഷനില്ല. അതിന് നടപടിയെടുക്കുകയും ചെയ്യാം.

മി. സ്പീക്കർ: ഇതിപ്പോൾ bonafide ആക്ഷന് പ്രൊട്ടക്ഷൻ എല്ലായിടത്തും ഇല്ലേ? അത് പിന്നെ നിയമത്തിൽ എഴുതിവയ്ക്കണമോ?

ശ്രീ. എ. എൻ. രാജൻബാബു: സാധാരണ ലെജിസ്ലേഷനിലെല്ലാം ഇത് കാണുന്നുണ്ട്. ഫോറസ്റ്റ് ആക്ട് എടുത്താലും അബ്കാരി ആക്ട് എടുത്താലും good faith ഇല്ലെങ്കിൽ നടപടിയെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

.....(ബഹളം).....

മി. സ്പീക്കർ: I have no objection. വേണമെങ്കിൽ ഇരുന്നോട്ടെ.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സാധാരണ എല്ലായിടത്തുമുള്ള പ്രൊവിഷനാണ്. ഇത് എല്ലാ ആക്ടിലുമുള്ളതാണ്. ഇത് പ്രത്യേകമായി എഴുതിച്ചേർത്തതല്ല.

മി. സ്പീക്കർ: ഭേദഗതികൾ ഏതെങ്കിലും അനുകൂലിക്കുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഇല്ല.

മി. സ്പീക്കർ: സർവ്വശ്രീ എ. കെ. ബാലൻ, കെ. പി. രാജേന്ദ്രൻ, വി. കെ. ചന്ദ്രൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 474-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—32

1. Sri Manjalamkuzhi Ali
2. ,, A. A. Azees
3. ,, Kodiyeri Balakrishnan
4. ,, A. K. Balan
5. ,, T. K. Balan
6. ,, Binoy Viswam
7. ,, V. K. Chandran
8. ,, V. Chenthamarakshan
9. ,, T. K. Deva Kumar
10. ,, P. C. George
11. Smt. Girija Surendran
12. Sri K. K. Jayachandran
13. ,, M. V. Jayarajan
14. ,, P. Jayarajan
15. ,, M. Kumaran
16. ,, K. V. Kunhiraman
17. ,, Kovoor Kunjumon
18. ,, V. K. C. Mammathu Koya
19. ,, Mathai Chacko

LIBRARY ARCHIVES Kerala Legislative Assembly

20. Sri K. P. Mohanan
21. ,, Pirappancode Murali
22. ,, C. K. Nanu
23. ,, P. Narayanan
24. Dr. A. Neelalohithadasan Nadar
25. Sri K. Radhakrishnan
26. ,, K. P. Rajendran
27. ,, Raju Abraham
28. ,, T. P. Ramakrishnan
29. ,, A C. Shanmughadas
30. Smt. P. K. Sreemathi Teacher
31. Sri P. S. Supal
32. Dr. Thomas Issac

പ്രതികൂലിക്കുന്നവർ—52

1. Sri Kalathil Abdulla
2. ,, A. P. Anil Kumar
3. ,, A. K. Antony
4. ,, N. D. Appachan
5. ,, E. M. Augusthy
6. ,, K. Babu
7. ,, P. K. K. Bava
8. ,, K. A. Chandran
9. ,, M. A. Chandrasekharan
10. ,, Domenic Presentation
11. ,, P. P. George
12. ,, Prayar Gopalakrishnan
13. ,, M. M. Hassan
14. ,, T. M. Jacob
15. ,, Joseph M. Puthusseri
16. ,, P. J. Joy
17. ,, P. K. Kunhalikutty
18. ,, K. Kutty Ahammed Kutty
19. ,, Ludy Luiz
20. ,, C. Mammootty
21. ,, K. M. Mani
22. ,, K. Mohammedali
23. ,, K. Mohankumar

LIBRARY ARCHIVES Kerala Legislative Assembly

24. Sri M. Murali
25. ,, K. Narayanakurup
26. ,, Oommen Chandy
27. ,, M. K. Paulson Master
28. ,, V. J. Poulose
29. ,, T. N. Prathapan
30. ,, Thiruvanchoor Radhakrishnan
31. ,, T. U. Radhakrishnan
32. Smt. Radha Raghavan
33. Sri A. N. Rajan Babu
34. Sri K. K. Ramachandran Master
35. ,, Therambil Ramakrishnan
36. ,, Thampanoor Ravi
37. ,, T. P. M. Sahir
38. ,, N. Sakthan
39. ,, K. Sankaranarayanan
40. Smt. Malethu Sarala Devi
41. Sri V. D. Satheesan
42. Prof. Savithri Lekshmanan
43. Sri Kadavoor Sivadasan
44. Smt. Sobhana George
45. Sri A. Sujanapal
46. ,, N. Sundaran Nadar
47. Prof. K. V. Thomas
48. Sri P. T. Thomas
49. ,, Thomas Chazhikadan
50. ,, M. A. Waheed
51. ,, K. C. Venugopal
52. ,, K. P. Viswanathan

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—32

പ്രതികൂലിക്കുന്നവർ—52

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 473-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 475-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(482) ഖണ്ഡം 12 (3)-ൽ "ഉണ്ടാകുന്ന ഏതൊരു ഉത്തരവും അതുണ്ടാക്കിയശേഷം" എന്ന വാക്കുകൾക്കുപകരം "പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അത് പുറപ്പെടുവിച്ചശേഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(476) ഖണ്ഡം 12 (1)-ൽ "കാര്യവും" എന്ന വാക്കിനുശേഷം "അത്യാവശ്യഘട്ടങ്ങളിൽ" എന്ന് കൂട്ടിച്ചേർക്കുക.

(479) ഖണ്ഡം 12 (2)-ൽ "രണ്ടു വർഷക്കാലത്തിനുശേഷം" എന്നത് "അഞ്ചു വർഷക്കാലത്തിനുശേഷം" എന്നു മാറ്റുക.

(481) ഖണ്ഡം 12 (3)-ൽ "കഴിയുന്നത്ര വേഗം നിയമസഭ മുമ്പാകെ" എന്നതിനു പകരം "ഏറ്റവും അടുത്തുചേരുന്ന നിയമസഭാ സമ്മേളനത്തിൽ നിർബന്ധമായും" എന്നു ചേർക്കേണ്ടതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(477) ഖണ്ഡം 12 (1)-ൽ "ഉത്തരവുമൂലം" എന്ന വാക്കിനുപകരം "ചട്ടങ്ങൾമൂലം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(478) ഖണ്ഡം 12 (2) ഒഴിവാക്കേണ്ടതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 476, 479, 481 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 477-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 478-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(95) "ധനസംബന്ധമായ" എന്ന വാക്കിനുപകരം "ധനകാര്യ" എന്ന വാക്ക് ചേർക്കുക.

(104) തത്വപ്രഖ്യാപന വാക്യത്തിൽ "ധനസംബന്ധമായ" എന്ന വാക്കിനുപകരം "ധന കാര്യ" എന്ന വാക്ക് ചേർക്കുക.

(125) പീഠികയിലെ "ധനസംബന്ധമായ" എന്ന വാക്കിനുപകരം "ധനകാര്യ" എന്ന വാക്ക് ചേർക്കുക.

(139) ഖണ്ഡം 1 ഉപഖണ്ഡം (2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(97) ശീർഷകം താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"2003-ലെ കേരള സാമ്പത്തിക മിതവ്യയ ബിൽ"

(114) തത്വപ്രഖ്യാപന വാക്യത്തിൽ ബില്ലിന്റെ "ഉത്തരവാദിത്തവും അതുമായി" എന്നീ വാക്കുകൾക്കിടയിൽ ഇനിപ്പറയുന്ന വാക്കുകൾകൂടി ചേർക്കുക. "ഈ വിഷയത്തിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതിനാലും".

(127) പീഠികയിൽ "'ഉത്തരവാദിത്തവും അതുമായി" എന്നീ വാക്കുകൾക്കിടയിൽ ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിചേർക്കുക. "ഈ വിഷയത്തിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതിനാലും".

(132) ഖണ്ഡം 1 (1) പറയുംപ്രകാരം ഭേദഗതി ചെയ്യുക. "(1) ഈ ആക്ടിന് 2003-ലെ കേരള സാമ്പത്തിക മിതവ്യയ ആക്ട് എന്ന് പേർ പറയാം".

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(98) ശീർഷകം താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"2003-ലെ കേരള ധനസംബന്ധമായഉത്തരവാദിത്ത (എ.ഡി.ബി. നിർദ്ദേശിച്ച പ്രകാര മുള്ള) ബിൽ."

LIBRARY ARCHIVES Kerala Legislative Assembly

(113) തത്വപ്രഖ്യാപന വാക്യത്തിൽ "സർക്കാരിന്റെ ഉത്തരവാദിത്തവും" എന്ന വാക്കുകൾക്ക്ശേഷം "എ.ഡി.ബി. വായ്പ ലഭ്യമാക്കുന്നതിന് ആവശ്യമായ വ്യവസ്ഥ ചെയ്യുന്നതിന്" എന്നീ വാക്കുകൾകൂടി ചേർക്കുക.

(124) പീഠികയുടെ രണ്ടാമത്തെ വരിയിൽ "കടത്തിന്റെ സ്ഥായിയായ മാനേജുമെന്റിലൂടെയും" എന്നീ വാക്കുകൾക്കുപകരം താഴെപ്പറയുന്ന വാക്കുകൾക്കൂടി ചേർക്കുക:

"നികുതി നികുതിയേതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനത്തിലൂടെയും ശരിയായ മാനേജുമെന്റിലൂടെയും വരവും ചെലവും സന്തുലിതമാക്കാൻ കഴിയുംവിധം" എന്നീ വാക്കുകൾക്കൂടി ചേർക്കുക.

(129) പീഠിക താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"പീഠിക.—സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുസൃതമായും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായും ഉള്ള ധനമാനേജുമെന്റിലൂടെ റവന്യൂ കമ്മി ക്രമാനുഗതമായി കുറച്ച്, രണ്ട് വർഷത്തിനുള്ളിൽ റവന്യൂ മിച്ചം ഉണ്ടാക്കുന്നതിനും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിൽ സുതാര്യത വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക സുസ്ഥിരത ഉറപ്പു വരുത്തുന്നതിനും ഉള്ള ഒരു മിതകാല പദ്ധതി ആവിഷ്കരിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കയാൽ".

(144) ഖണ്ഡം 1 (2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(2) ഇത് 2004-05 സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയിലും എന്താണ് പറയാനുള്ളത്?

ശ്രീ. എം. വി. ജയരാജൻ: ഒന്നും പറയാനില്ല. ഒന്നും പറയാതിരിക്കാനും കഴിയില്ല. ഇത് എ.ഡി.ബി.-യുടെ ബില്ലാണ്. മനിലയിലേയ്ക്ക് അയച്ചുകൊടുക്കാൻവേണ്ടി മാത്രം നമ്മൾ പാസാക്കുന്നതാണ്. അത് നടപ്പിലാക്കാനുള്ള ഒരു ബില്ലല്ലേ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(99) ശീർഷകം താഴെപ്പറയുംവിധം മാറ്റേണ്ടതാണ്.

"2003-ലെ കേരള ധനസംബന്ധമായ നിർവ്വഹണവും ഉത്തരവാദിത്തവും ബിൽ."

(131) ഖണ്ഡം 1 ഉപഖണ്ഡം (1) താഴെപ്പറയുംവിധം മാറ്റേണ്ടതാണ്:

"ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2003-ലെ കേരള ധനസംബന്ധമായ നിർവ്വഹണവും ഉത്തരവാദിത്തവും ആക്ട് എന്ന് പേർ പറയാം."

(136) ഖണ്ഡം 1 ഉപഖണ്ഡം (2)-ൽ "വിജ്ഞാപനം" എന്ന വാക്കുകൾക്കുശേഷമുള്ള "വഴി സർക്കാർ നിശ്ചയിക്കാവുന്ന" എന്ന വാക്കുകൾക്കുപകരം "പുറപ്പെടുവിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ഒന്നാം വകുപ്പിൽ ഈ ആക്ടിന് 2003-ലെ കേരള ധനസംബന്ധമായ നിർവ്വഹണവും ഉത്തരവാദിത്തവും ആക്ട് എന്നാക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(100) ശീർഷകം താഴെപ്പറയുംവിധം മാറ്റേണ്ടതാണ്:

"2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്തവും നിയന്ത്രണവും ബിൽ."

(102) തത്വപ്രഖ്യാപനത്തിന്റെ ആദ്യവരിയുടെ ആരംഭത്തിൽ താഴെപ്പറയുന്ന ഭാഗംകൂടി ചേർക്കുക:

"സർക്കാരിന്റെ കടം ഭീമമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട്."

(115) തത്വപ്രഖ്യാപന വാക്യത്തിൽ "സാമ്പത്തിക" എന്ന വാക്കിനുശേഷം "അച്ചടക്കവും നിയന്ത്രണവും" എന്ന് ചേർക്കുക:

(120) പീഠികയുടെ ആദ്യവരിയുടെ ആരംഭത്തിൽ താഴെപ്പറയുന്ന ഭാഗം കൂട്ടിച്ചേർക്കുക:

"സർക്കാരിന്റെ കടം ഭീമമായി വർദ്ധിച്ചു വരുന്നതുകൊണ്ടും."

(133) ഖണ്ഡം 1 (1) താഴെപ്പറയുന്നവിധം ഭേദഗതി ചെയ്യുക:

"ഈ ആക്ടിന് 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയന്ത്രണ ആക്ട് എന്ന പേർ പറയാം."

(137) ഖണ്ഡം 1 (2)-ൽ "സർക്കാർ നിശ്ചയിക്കാവുന്ന തീയതി എന്നതിനുപകരം "അടുത്ത സാമ്പത്തിക വർഷം" എന്ന വാക്കുകൾ ചേർക്കുക.

ഒരു വാചകമേ പറയുന്നുള്ളൂ. ശ്രീ. എം. വി. ജയരാജൻ പറഞ്ഞതുപോലെ അച്ചടക്കവും നിയന്ത്രണവും ഉണ്ടാക്കുന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. കമ്മി കുറയ്ക്കുന്നതിലും, പീഠികയിൽ പറയുന്നുണ്ടല്ലോ ലക്ഷ്യങ്ങളും തത്വങ്ങളുമൊക്കെ. അത്ര അപകടകരമായതുകൊണ്ടാണ് ഈ ഭേദഗതികൾ അവതരിപ്പിക്കുന്നത്. കൂടുതൽ വിശദീകരിക്കുന്നില്ല.

ശ്രീ. എ. സുജനപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(101) തത്വപ്രഖ്യാപനവാക്യത്തിന്റെ—

(1) ആരംഭത്തിൽ "നിലവിലുള്ള" എന്ന് ചേർക്കുക.

(2) "റവന്യൂ കമ്മി" എന്നതിനുശേഷം "നിശ്ചിതകാലത്തിനുള്ളിൽ" എന്ന് ചേർക്കുക.

(3) "കടത്തിന്റെ" എന്നതിനുപകരം "ഗവൺമെന്റെടുക്കുന്ന കടത്തിന്റെ" എന്ന് ചേർക്കുക.

ശ്രീ. കെ. പി. മേഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(103) തത്വപ്രഖ്യാപന വാക്യത്തിൽ "റവന്യൂകമ്മി" എന്നതിനു മുമ്പായി "ധന സംബന്ധമായ മാനേജ്മെന്റിലും" എന്ന് ചേർക്കുക.

(121) പീഠികയിൽ "റവന്യൂകമ്മി"ക്കു മുമ്പായി "ധനസംബന്ധമായ മാനേജ്മെന്റിലും" എന്നുകൂടി ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(105) തത്വപ്രഖ്യാപന വാക്യത്തിലെ "മിതകാലാധിഷ്ഠിത" എന്ന വാക്കിനുപകരം "മിതകാല" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(126) പീഠികയിലെ "മിതകാലാധിഷ്ഠിത" എന്ന വാക്കിനുപകരം "മിതകാല" എന്ന വാക്ക് ചേർക്കുക.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(116) തത്വപ്രഖ്യാപന വാക്യത്തിന്റെ ആദ്യഭാഗത്ത് താഴെ പറയുന്നത് കൂട്ടിച്ചേർക്കുക:

"സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ഉത്തമ താല്പര്യത്തിനും അനുസൃത മായ വിധത്തിലുള്ള സാമ്പത്തിക മാനേജുമെന്റിലൂടെയും പാഴ്ച്ചെലവുകൾ നിയന്ത്രിച്ചും നികുതി പിരിവിലെ വീഴ്ചകൾ പരിഹരിക്കുന്നതിലൂടെ വരുമാനം വർദ്ധിപ്പിച്ചും."

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(117) തത്വപ്രഖ്യാപന വാക്യം താഴെപ്പറയുംപ്രകാരം മാറ്റുക:

"റവന്യൂ മിച്ചം വർദ്ധിപ്പിച്ചും ആ തുക ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗിച്ചും, ധന കമ്മി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.5 ശതമാനമാക്കി കുറച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനും ധനസംബന്ധമായ ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഉള്ള മിതകാല സാമ്പത്തിക പദ്ധതി ആവിഷ്ക്കരിക്കു ന്നതിനും നടപ്പാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യ ങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ."

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരി പ്പിക്കുന്നു:

(118) തത്വപ്രഖ്യാപന വാക്യം താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായ ധനകാര്യ മാനേജുമെന്റിലൂടെയും ഉല്പാദന മേഖലകളിലെയും സാമൂഹ്യ സേവന മേഖലകളിലെയും ചെലവുകൾ കുറവു ചെയ്യാതെ, പാഴ്ചെലവുകളും ധൂർത്തും പൂർണ്ണമായും ഒഴിവാക്കി ഒരു മിതകാലാധിഷ്ഠിത പദ്ധതിയിലൂടെ ജനോപകാരപ്രദമായ സാമ്പത്തിക നയം നടപ്പാക്കിക്കൊണ്ടും ദീർഘവീക്ഷണത്തോടുകൂടിയ ധനമാനേജ്മെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്തവും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ".

(128) പീഠിക താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"പീഠിക.—റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായ ധനകാര്യ മാനേജുമെന്റിലൂടെയും ഉല്പാദന മേഖല കളിലേയും സാമൂഹ്യ സേവന മേഖലകളിലെയും ചെലവുകൾ കുറവു ചെയ്യാതെ, പാഴ്ചെലവുകളും ധൂർത്തും പൂർണ്ണമായും ഒഴിവാക്കി ഒരു മിതകാലാധിഷ്ഠിത പദ്ധതി യിലൂടെ ജനോപകാരപ്രദമായ സാമ്പത്തിക നയം നടപ്പാക്കിക്കൊണ്ടും ദീർഘവീക്ഷണ ത്തോടുകൂടിയ ധനമാനേജ്മെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്തവും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യ ങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(119) പീഠികയുടെ ആരംഭത്തിൽ 1. "നിലവിലുള്ള" എന്നു ചേർക്കുക.

2. "റവന്യൂ കമ്മി" എന്നതിനുശേഷം "നിശ്ചിതകാലത്തിനുള്ളിൽ" എന്ന് ചേർക്കുക.

3. "പദ്ധതിയിലൂടെ" എന്നതിനുപകരം "പദ്ധതിയിലൂടെയും" എന്ന് ചേർക്കുക.

4. "ഉത്തരവാദിത്തവും" എന്നതിനുപകരം "ഉത്തരവാദിത്തത്തിനും" എന്ന് ചേർക്കുക.

ശ്രീ. പി. നാരായണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(122) പീഠികയിലെ "അനുരൂപമായ" എന്ന വാക്കിനുപകരം "ഉചിതമായ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(123) പീഠികയിൽ "കടത്തിന്റെ സ്ഥായിയായ" എന്ന വാക്കുകൾക്കുശേഷമുള്ള "മാനേജുമെന്റിലൂടെയും" എന്ന വാക്കിനുപകരം "കൈകാര്യകർതൃത്വത്തിലൂടെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(135) ഖണ്ഡം 1 (2)-ൽ "ഇത്" എന്ന വാക്കുകൾക്കുശേഷം "ഗസറ്റ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. വി. കെ. സി. മമ്മദ്കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(141) ഖണ്ഡം 1 ഉപഖണ്ഡം (2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(2) ഇത് 2004 ജനുവരി 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു:

(142) ഖണ്ഡം 1 ഉപഖണ്ഡം (2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(2) ഇത് 2004 ഫെബ്രുവരി 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(143) ഖണ്ഡം 1 ഉപഖണ്ഡം (2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(2) ഇത് 2004 മാർച്ച് 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 105, 126 എന്നീ ഭേദഗതികളും ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ അവതരിപ്പിച്ച 105, 126, 135 എന്നീ ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

105, 126, 135 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 120-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ—32

1. Sri Manjalamkuzhi Ali
2. ,, A. A. Azees
3. ,, Kodiyeri Balakrishnan
4. ,, A. K. Balan
5. ,, T. K. Balan
6. ,, Binoy Viswam
7. ,, V. K. Chandran
8. ,, V. Chenthamarakshan
9. ,, T. K. Deva Kumar
10. ,, P. C. George
11. Smt. Girija Surendran
12. Sri K. K. Jayachandran
13. ,, M. V. Jayarajan
14. ,, P. Jayarajan
15. ,, M. Kumaran
16. ,, K. V. Kunhiraman
17. ,, Kovoor Kunjumon
18. ,, V. K. C. Mammathu Koya
19. ,, Mathai Chacko
20. ,, K. P. Mohanan
21. ,, Pirappancode Murali
22. ,, C. K. Nanu
23. ,, P. Narayanan
24. Dr. A. Neelalohithadasan Nadar
25. Sri K. Radhakrishnan
26. ,, N. Rajan
27. ,, K. P. Rajendran
28. ,, Raju Abraham

LIBRARY ARCHIVES Kerala Legislative Assembly

29. Sri T. P. Ramakrishnan
30. ,, A. C. Shanmughadas
31. Smt. P. K. Sreemathi Teacher
32. Dr. Thomas Issac

പ്രതികൂലിക്കുന്നവർ—52

1. Sri Kalathil Abdulla
2. ,, A. P. Anil Kumar
3. ,, A. K. Antony
4. ,, N. D. Appachan
5. ,, E. M. Augusthy
6. ,, K. Babu
7. ,, R. Balakrishna Pillai
8. ,, P. K. K. Bava
9. ,, K. A. Chandran
10. ,, M. A. Chandrasekharan
11. ,, Domenic Presentation
12. ,, P. P. George
13. ,, Prayar Gopalakrishnan
14. ,, M. M. Hassan
15. ,, V. K. Ibrahim Kunju
16. ,, T. M. Jacob
17. ,, Joseph M. Puthusseri
18. ,, P. J. Joy
19. ,, P. K. Kunhalikutty
20. ,, K. Kutty Ahammed Kutty
21. ,, Ludy Luiz
22. ,, C. Mammootty
23. ,, K. M. Mani
24. ,, K. Mohammedali
25. ,, K. Mohankumar
26. ,, M. Murali
27. ,, K. Narayanakurup
28. ,, Oommen Chandy
29. ,, M. K. Paulson Master
30. ,, V. J. Poulose
31. ,, T. N. Prathapan
32. ,, Thiruvanchoor Radhakrishnan

LIBRARY ARCHIVES Kerala Legislative Assembly

33. Smt. Radha Raghavan
34. Sri A. N. Rajan Babu
35. Sri K. K. Ramachandran Master
36. ,, Therambil Ramakrishnan
37. ,, Thampanoor Ravi
38. ,, T. P. M. Sahir
39. ,, N. Sakthan
40. ,, K. Sankaranarayanan
41. Smt. Malethu Sarala Devi
42. Sri V. D. Satheesan
43. Prof. Savithri Lekshmanan
44. Sri Kadavoor Sivadasan
45. ,, A. Sujanapal
46. ,, N. Sundaran Nadar
47. Prof. K. V. Thomas
48. Sri P. T. Thomas
49. ,, Thomas Chazhikadan
50. ,, M. A. Waheed
51. ,, K. C. Venugopal
52. ,, K. P. Viswanathan

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—32

പ്രതികൂലിക്കുന്നവർ—52

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 95, 104, 125, 139 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 97, 114, 127, 132 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 98, 113, 124, 129, 144 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 99, 131, 136 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 100, 102, 115, 133, 137 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സുജനപാൽ അവതരിപ്പിച്ച 101-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 103, 121 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 118, 128 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗ മാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള ധനസംബന്ധമായ ഉത്തര വാദിത്ത ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മൂന്നാം വായനയിൽ എനിക്ക് പ്രധാനമായും ചൂണ്ടിക്കാണിക്കാനുള്ളത് ഈ ബിൽ ഉദ്ദേശിക്കുന്ന ലക്ഷ്യം കാണാനുള്ള ഒരു നിയമ നിർമ്മാണമല്ല. ഇവിടെ റവന്യൂ കമ്മി കുറയ്ക്കുക, റവന്യൂ മിച്ചം ഉണ്ടാക്കുക എന്നിവയാണ് ഈ ബിൽ ലക്ഷ്യമിടുന്നത്. യഥാർത്ഥത്തിൽ ഇതല്ല ഇതിന്റെ ഉദ്ദേശം. സംസ്ഥാന ഗവൺമെന്റിന് വിവിധ സന്ദർഭങ്ങളിൽ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ട്. ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ കമ്മിയുണ്ടാക്കിക്കോ എന്ന് പറഞ്ഞിട്ട് ഉണ്ടായതല്ല ഈ റവന്യൂ കമ്മി. ആദ്യം ചുമട്ടുതൊഴിലാളി ബിൽ പാസ്സാക്കി. പിന്നെ "വാറ്റ്" ബിൽ പാസ്സാക്കി. ഇത് മൂന്നാമത്തെ ബില്ലാണ്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന് അയച്ചുകൊടുക്കാനുള്ള മൂന്നാമത്തെ ബില്ലാണിത്. ഈ ബിൽ നിയമമാക്കിയാൽ ഉണ്ടാകാൻ പോകുന്നത് സംസ്ഥാന മന്ത്രിസഭയുടെ അധികാരംതന്നെ ഒരു കമ്മിറ്റിയിലേയ്ക്ക് നിക്ഷിപ്തമാക്കി കൊടുക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയാമല്ലോ ബില്ലിന് എതിരായിട്ട് മൂന്നാം വായനയിൽ പറഞ്ഞുകൂടായെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒന്ന് പറഞ്ഞ് തുടങ്ങിക്കോട്ടെ. അത്തരത്തിൽ വരുമ്പോൾ യഥാർത്ഥത്തിൽ മന്ത്രിസഭ ഇങ്ങനെ അധികാരം കൊടുത്തുകഴിഞ്ഞാൽ ഇതിൽ വരാൻ പോകുന്ന കാര്യം നമ്മുടെ സംസ്ഥാനത്ത് ഈ നിയമം നടപ്പിലാക്കപ്പെടുന്നതോടുകൂടി ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. ഇവിടെ കഴിഞ്ഞ രണ്ട് വർഷം പരിശോധിച്ച് നോക്കിയാൽ ധവളപത്രത്തിൽ നിങ്ങൾ പറഞ്ഞ കാര്യം ചെയ്തിട്ടുണ്ടോ? ധവളപത്രത്തിൽ ചെയ്യാതെ ഗവൺമെന്റ് ഇവിടെ എഴുതിവച്ചതുകൊണ്ട് ഇത് കുറയുമോ? യഥാർത്ഥത്തിൽ എനിക്ക് പറയാനുള്ളത് ഈ ബിൽ പാസ്സാക്കുന്ന സമയത്ത് ബഹുമാനപ്പെട്ട ഗവൺമെന്റ് ഈ ധവളപത്രത്തിൽ പറഞ്ഞ കാര്യം ശരിയായോ എന്നതിനെ സംബന്ധിച്ച് പറയാൻ ഒരു ധവളപത്രം പുറപ്പെടുവിക്കേണ്ടതായിരുന്നു. സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച്, കഴിഞ്ഞ രണ്ടു വർഷവും റവന്യൂകമ്മി വർദ്ധിക്കുകയാണ്. കഴിഞ്ഞ വർഷത്തെ റവന്യൂകമ്മി 2,606 കോടി രൂപയാണെങ്കിൽ ഈ വർഷം അത് 2,665 കോടി രൂപയായി കൂടുകയാണ് ചെയ്തത്. റവന്യൂകമ്മി ഇവിടെ വർദ്ധിക്കുകയാണ്. ഇവിടെ റവന്യൂകമ്മി കുറയ്ക്കാൻ ചെയ്യാൻ പോകുന്നത് നാളെമുതൽ ക്ഷേമപ്രവർത്തനങ്ങൾ മുഴുവൻ നിർത്താൻ തുടങ്ങും. ഇതാണുണ്ടാകാൻ പോകുന്ന പ്രത്യാഘാതം. കർഷക തൊഴിലാളി പെൻഷൻ ഇപ്പോഴും കൊടുത്തിട്ടില്ല. അത് നിർത്തലാക്കുന്ന സ്ഥിതിയിലേയ്ക്ക് വരും; ക്ഷേമ പദ്ധതികൾ ഓരോന്നായിട്ട് നിർത്തും. വിദ്യാർത്ഥികൾക്ക് കൊടുക്കേണ്ടുന്ന സ്റ്റൈപന്റ് കൊടുക്കുന്നില്ല. ഇവിടെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്റ്റൈപന്റ് കിട്ടാത്തതിന്റെ പേരിൽ വിദ്യാർത്ഥികൾ സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പിന്നോക്ക സമുദായത്തിൽപ്പെട്ട പെൺകുട്ടികൾക്ക് സ്കൂൾ തലത്തിൽ കൊടുക്കേണ്ടുന്ന സ്റ്റൈപന്റ് നിർത്തിയിരിക്കുകയാണ്. ഈ ബിൽ പാസ്സാക്കുമ്പോൾ വരാൻ പോകുന്നത് ഇതൊക്കെ നിർത്തലാകും. പിന്നെ എങ്ങനെയാണ് കമ്മി കുറയ്ക്കുക? റവന്യൂ കമ്മി എങ്ങനെ കുറയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കട്ടെ. ഇവിടെ യഥാർത്ഥത്തിൽ റവന്യൂ കമ്മി കുറയ്ക്കുകയാണെന്ന് പറഞ്ഞുകൊണ്ട് നടപ്പിലാക്കാൻ പോകുന്നത് പുതിയൊരു സാമ്പത്തിക നയം ഇവിടെ അടിച്ചേല്പിക്കുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ ആദ്യംമുതലേ ഇതിനെ ശക്തിയായി എതിർത്തത്. ഞങ്ങളുടെ ഭാഗത്തുനിന്ന് 500 ഓളം ഭേദഗതികൾ വകുപ്പ് തിരിച്ച് കൊടുത്തിട്ടുണ്ട്. ആ ഭേദഗതികൾ ഒന്നും മന്ത്രി അംഗീകരിക്കാൻ കൂട്ടാക്കിയിട്ടില്ല.

മി. സ്പീക്കർ: പലതും അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അത് വള്ളിപുള്ളിയാണ്. കുത്തും കോമയും. ശ്രീ. ബാലന്റെ ഭേദഗതിയിൽ കുത്താണ് അംഗീകരിച്ചത്. ശ്രീ. കുഞ്ഞിരാമന്റെ ഭേദഗതിയിലെ ഒരു വള്ളിയും അംഗീകരിച്ചു. വേറെ എന്താണ് അടിസ്ഥാനപരമായിട്ട് അംഗീകരിച്ചത്? ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ശങ്കരനാരായണനുള്ള ഒരു പ്രത്യേകത എന്താണെന്നുവച്ചാൽ ഉദ്യോഗസ്ഥർ ഏത് ബിൽ കൊടുത്താലും അത് അപ്പടി വള്ളിപുള്ളി വിടാതെ ഇവിടെ അവതരിപ്പിക്കും. ഇതാണ് ഇവിടെ "വാറ്റ്" ബില്ലിന് സംഭവിച്ചത്. യഥാർത്ഥത്തിൽ "വാറ്റ്" ബിൽ പാസാക്കിയെടുത്തിരുന്നെങ്കിൽ എന്തായിരുന്നു സ്ഥിതി? അതിപ്പോൾ തട്ടിപ്പോയതുകൊണ്ട് മന്ത്രിയും നമ്മൾ എല്ലാവരും രക്ഷപ്പെട്ടു. ഇതുപോലെതന്നെ ഒരു പുതിയ ആപത്താണ് ഇതിന്റെ ഫലമായിട്ട് വരാൻ പോകുന്നത്. സാധാരണക്കാരനെ ഇത് വളരെ പ്രതികൂലമായി ബാധിക്കും. ഈ സംസ്ഥാനത്ത് അത് നടപ്പിലാക്കാൻ പോകുന്നത് എങ്ങനെയെന്ന് പറയണ്ടേ.

മി. സ്പീക്കർ: ബിൽ ക്ലാസ് ബൈ ക്ലാസ് ആയിതീരുമ്പോൾ; that means this House has passed. മൂന്നാം വായനയിൽ പറയേണ്ടത് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ഇത് എങ്ങനെയൊക്കെയാണ് സൂക്ഷിക്കേണ്ടത് എന്നാണ്. പാസായ ബില്ലിന് എതിരായിട്ടാണ് ഇപ്പോൾ സംസാരിക്കുന്നത്. അതുകൊണ്ടാണ് അത് പാടില്ലായെന്ന് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് നാളെ ഇംപ്ലിമെന്റ് ചെയ്യുകയല്ലേ? ഇംപ്ലിമെന്റ് ചെയ്യുമ്പോൾ തുടങ്ങാൻ പോകുന്നത് റവന്യൂകമ്മി കുറയ്ക്കാൻ വേണ്ടിയുള്ള നടപടികൾ ആരംഭിക്കുകയല്ലേ? അങ്ങനെ ആരംഭിക്കുമ്പോൾ ചെയ്യാൻ പോകുന്നത് ഇവിടുത്തെ ക്ഷേമപദ്ധതികൾ ഓരോന്നായിട്ട് നിറുത്തും, സേവനമേഖലകൾ നിർത്തും. വിദ്യാഭ്യാസത്തിന് സെസ്സ് വരാൻ പോകുന്നു. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ട് ആരോഗ്യ സെസ്സ് വരാൻ പോകുന്നു. ജലകരാർ വരാൻ പോകുന്നു. ഇതെല്ലാം സാധാരണക്കാരെ ബാധിക്കുന്നതല്ലേ? അങ്ങനെ വരുമ്പോൾ ഇത് ജനങ്ങളുടെമേൽ പുതിയ ഭാരം അടിച്ചേല്പിച്ചുവെന്നുമാത്രമല്ല നിലവിലുള്ള ക്ഷേമപദ്ധതി പ്രവർത്തനങ്ങൾ മുഴുവൻ സമരത്തിലേയ്ക്ക് പോവുകയും, കേരളത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാവുകയും ചെയ്യും. സാധാരണക്കാരായ ജനങ്ങൾക്ക് ഗുണകരമായ കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്യുന്നതെങ്കിൽ നമ്മൾ അംഗീകരിക്കും. ഇവിടെ വികസന പ്രവർത്തനങ്ങൾ നാളെ മുതൽ സ്തംഭിക്കും. യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു ബസ് സ്റ്റേഷന്റെ പ്രവർത്തനംപോലും നടക്കാൻ പോകുന്നില്ല. ഇപ്പോൾത്തന്നെ ട്രഷറിയിൽ പോയാൽ ദിവസേന നിയന്ത്രണമാണ്. ട്രഷറി നിയന്ത്രണം തുടരുന്നതുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവും നടക്കുന്നില്ല. ഇതെല്ലാംകൂടി വരുമ്പോൾ റവന്യൂകമ്മി കുറയ്ക്കുക എന്ന പേരു പറഞ്ഞുകൊണ്ട്, ഇവിടെ നിയമനിർമ്മാണം നടത്തിയെന്നു പറഞ്ഞുകൊണ്ട് നാളെ മുതൽ ഉദ്യോഗസ്ഥർ ഇതിന്റെമേൽ വലിയ തോതിലുള്ള നിയന്ത്രണം കൊണ്ടുവരാൻ പോവുകയാണ്. ഇതൊന്നും ഇല്ലാതെതന്നെ കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഈ ബിൽ ജനങ്ങളുടെ താല്പര്യത്തിന് എതിരാണ്. ഒരു കാരണവശാലും ഇതുമായി യോജിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് ഞങ്ങൾ ശക്തമായി ഇതിനെ എതിർക്കുകയാണ്.

മി. സ്പീക്കർ: വേറൊരു ബില്ലുകൂടി ഇന്ന് പാസാക്കേണ്ടിയിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞങ്ങൾ സഹകരിക്കുകയാണ്. സമയത്തിനുതന്നെ അങ്ങേയ്ക്ക് ബിൽ പാസ്സാക്കാം. ബിൽ പാസ്സായി എന്നു പറഞ്ഞ നിലയ്ക്ക് അതിലേയ്ക്ക് പോകുന്നില്ല. നടപ്പാക്കുന്ന കാര്യത്തെ സംബന്ധിച്ചാണ്. ഇത് നടപ്പായി വരുന്നതോടുകൂടി ലജിസ്ലേച്ചറിന്റെമേൽ എക്സിക്യൂട്ടീവിന്റെ മേധാവിത്വം വർദ്ധിക്കുകയാണ്. അങ്ങ് തന്നെ പത്താം വകുപ്പിന്റെ കാര്യത്തെക്കുറിച്ച് ഇടപെട്ട് ഒരു ആശങ്ക പ്രകടിപ്പിച്ചു. എക്സിക്യൂട്ടീവിന്റെ എല്ലാ മേഖലകളിലും, നിയമസഭയുടെ അധികാരം വർദ്ധിപ്പിക്കുവാൻ നിയമസഭ ഒരു നിയമം പാസ്സാക്കിക്കൊടുക്കുകയാണ്. ഇത് നടപ്പാക്കിത്തുടങ്ങുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കഴുത്തിൽത്തന്നെയാണ് ആദ്യത്തെ കോടാലി വീഴുന്നത്. ഇന്നലെ പറഞ്ഞ വയനാട്ടിലെ മരത്തിന്റെ താഴെ വീഴുന്ന കോടാലിയല്ല. ധനകാര്യ വകുപ്പു മന്ത്രിയുടെ അധികാരത്തെയാണ് ഇവിടെ കവർന്നെടുക്കുവാൻ പോകുന്നത്. നിയമം നടപ്പാക്കുന്നതിനുമുമ്പ് തന്നെ കാര്യങ്ങൾ നടപ്പാക്കി തുടങ്ങിയല്ലോ. ഇതിൽ ആറാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിലും ഏഴാമത്തേതിലുമൊക്കെ സുതാര്യമാക്കേണ്ട ഒരു വകുപ്പിനെപ്പറ്റി പറയുന്നുണ്ട്. അങ്ങയുടെ ഓഫീസിൽ ശ്രീ. ഗോപാലകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ സുതാര്യ എന്ന ഒരു പദ്ധതി നടപ്പിലാക്കി. ഇവിടെ സുതാര്യതയിലൂടെ വരുന്ന കാര്യങ്ങളൊക്കെ മുഖ്യമന്ത്രി ശ്രദ്ധിക്കണം. ഉത്തരവുകൾ നോക്കണം. ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കുക. ഇത് പ്രത്യേകം നടപ്പിലാക്കിപ്പോയാൽ, എല്ലാ കാര്യങ്ങളും നമ്മുടെ പൂറമെ നിന്നുള്ള തീരുമാനങ്ങളും നിർദ്ദേശങ്ങളും അതിനനുസരിച്ചുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളും വന്നാൽ ഗവൺമെന്റിന്റെ, കൃാബിനറ്റിന്റെ, നിയമസഭയുടെ അക്കൗണ്ടബിലിറ്റിയും നമ്മുടെ അധികാരവും നഷ്ടപ്പെടാൻ ഇടവരരുത്. അതുപോലെ തന്നെ ഇന്നലെ ഞാൻ ചൂണ്ടിക്കാണിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. മന്ത്രി നല്ല നാടൻ പഴഞ്ചൊല്ല്, നമുക്ക് മനസ്സിലാകാത്ത പാലക്കാടൻ കഥ പറഞ്ഞു. പിന്നീട് പോയി ചോദിച്ച് മനസ്സിലാക്കി. ഇത് പാസ്സായി കഴിഞ്ഞാൽ നമ്മൾ എം.ജി.പി. എന്ന ഒരു പദ്ധതികൂടി ഇവിടെ ഇംപ്ലിമെന്റ് ചെയ്യുന്നതോടുകൂടി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഈ കാര്യങ്ങളിൽ എം.ജി.പി. സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് എക്സ്പെൻഡിച്ചർ സെക്രട്ടറി എന്നിവരെ നിയമിക്കുന്നതിനും മാറ്റുന്നതിനും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പ്രത്യേകമായി വേറെ എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ? ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളുടെ സംശയങ്ങൾ ദുരീകരിക്കുവാൻ ഇവിടെ അത് പറയണം. ഞാൻ നിറുത്തുകയാണ്. ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ ഇന്നത്തെ ബഡ്ജറ്റിന്റെ സംവിധാനം, നമ്മുടെ സപ്ലിമെന്ററി ബഡ്ജറ്റ് അവതരിപ്പിക്കൽ, ധനകാര്യ ബിൽ അവതരിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽപ്പോലും നമ്മുടെ അധികാരം നഷ്ടപ്പെടുകയില്ലേ യെന്ന് ഞങ്ങൾ ന്യായമായി സംശയിക്കുകയാണ്. ഈ അഞ്ചുറ്റി ചിലാനം ഭേദഗതികൾ ഞങ്ങൾ നല്ലവണ്ണം ഹോംവർക്ക് ചെയ്ത്, ഈ സഭയിൽ ഞങ്ങളുടെ കഴിവനുസരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ഞങ്ങളുടെ പ്രസംഗങ്ങളിൽ വന്നിട്ടുണ്ട്. ഗവൺമെന്റ് ഇത് നടപ്പാക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിച്ചുകൊണ്ട് ഇത് കഴിയുമെങ്കിൽ ഒഴിവാക്കിയാൽ അത്രയും നന്നെന്ന് പറഞ്ഞ് നിറുത്തുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ എന്ന് പേരു പറയുന്ന ഈ ബിൽ യഥാർത്ഥത്തിൽ നടപ്പിലാക്കി തുടങ്ങുമ്പോൾ ഉത്തരവാദിത്ത രഹിത ബില്ലായി മാറാൻ പോകുകയാണ്. അങ്ങ് തന്നെ സംശയം ഉന്നയിച്ചു. ഉത്തമവിശ്വാസപൂർവ്വം എടുത്ത പ്രവൃത്തിക്ക് സംരക്ഷണം കൊടുക്കുന്ന ആ ഒറ്റ ക്ലാസിലൂടെ തന്നെ യാതൊരു ഉത്തരവാദിത്വവും ഇല്ലാത്ത ബില്ലായി മാറാൻ പോകുകയാണ്. ഇത് യഥാർത്ഥത്തിൽ പറഞ്ഞാൽ ശുദ്ധ തട്ടിപ്പാണ്. ഒരേസമയംതന്നെ എ.ഡി.ബി.-യേയും കേരളത്തിലെ ജനങ്ങളേയും ഈ ഗവൺമെന്റ് പറ്റിക്കുവാൻ നോക്കുകയാണ്. ഈ ഗവൺമെന്റ് നടപ്പിലാക്കുവാൻ തുടങ്ങിയിരിക്കുന്ന Modernisation of Government Programme എന്ന പദ്ധതി യഥാർത്ഥത്തിൽ വമ്പിച്ച തോതിലുള്ള അഴിമതിക്കും തട്ടിപ്പിനും വഴിയൊരുക്കും. അങ്ങനെയാണ് ഈ ഗവൺമെന്റ് റിപ്പോർട്ട് പോകുന്നതെങ്കിൽ ഈ ബിൽ ഉത്തരവാദിത്ത രാഹിത്യത്തിന്റെ ബില്ലായി മാറുമെന്ന തരത്തിലാണ് നില്ക്കുന്നത്. അതുകൊണ്ട് ശക്തമായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): പുതിയതായി നിയമസഭകളും പാർലമെന്റും പാസ്സാക്കുന്ന ഒരു ബില്ലാണ് ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ. ഇൻഡ്യൻ പാർലമെന്റ് ഈ ബിൽ പാസ്സാക്കി. കർണ്ണാടക പാസ്സാക്കി; പഞ്ചാബ് പാസ്സാക്കി; തമിഴ്നാട് പാസ്സാക്കി; മറ്റ് സംസ്ഥാനങ്ങളിൽ ഈ ബിൽ കൊണ്ടു വരുന്നു. ആ സംസ്ഥാനങ്ങളിലൊക്കെ ഈ ബിൽ പാസ്സാക്കിയത് എ.ഡി.ബി. പറഞ്ഞിട്ടാണോ? കേന്ദ്രം ഇത് പാസ്സാക്കിയത് എ.ഡി.ബി. പറഞ്ഞിട്ടാണോ? എ.ഡി.ബി. എന്നു പറയുമ്പോൾ പറഞ്ഞ് പറഞ്ഞ് അങ്ങനെ ഇരിക്കും. ഞാൻ അതിന് മറുപടി പറയുന്നില്ല. ആയിരം പ്രാവശ്യം ഈ നിയമസഭയിൽ പറഞ്ഞതാണ്. Legislature-ന്റെ പവേഴ്സ് ഏറ്റെടുക്കുവാൻ ആർക്കും അധികാരമില്ല.

മി. സ്പീക്കർ: ഇതിൽ കൂടുതൽ സുതാര്യമായ സർക്കാർ ഉണ്ടോ? ഏത് കടലാസ് ഇറക്കിയാലും അത് ആദ്യം നിങ്ങൾക്ക് കിട്ടുന്നില്ലേ?

ശ്രീ. കെ. ശങ്കരനാരായണൻ: ഒരു ഉദ്യോഗസ്ഥനും അധികാരമില്ല. തെരഞ്ഞെടുത്ത ഗവൺമെന്റിന്റെ, തെരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയുടേയും മന്ത്രിസഭയുടേയും അധികാരം ഒരു ഉദ്യോഗസ്ഥനും ഏല്പിച്ചുകൊടുക്കാൻ ഈ ബിൽ കൊണ്ട് സാധിക്കുകയില്ല. ഏല്പിക്കുവാൻ ആലോചിച്ചിട്ടില്ല; ഉദ്ദേശിച്ചിട്ടില്ല; ചെയ്യുകയുമില്ല. അത് നടപ്പാക്കാവുന്ന കാര്യമല്ല എന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ ബിൽ ഉദ്യോഗസ്ഥൻമാർ എഴുതി ഉണ്ടാക്കിയതാണെന്ന് പറഞ്ഞു. 1957-നുശേഷം ഇങ്ങോട്ട് ഉദ്യോഗസ്ഥർ തന്നെയാണ് ബിൽ എഴുതി ഉണ്ടാക്കുന്നത്. അതാത് കാലത്തുള്ള മന്ത്രിമാർ അവരുടേതായിട്ടുള്ള ഗവൺമെന്റിന്റെ നയങ്ങൾ എഴുതി ഉണ്ടാക്കും. അല്ലാതെ പാർട്ടി ഓഫീസിലല്ല ബിൽ എഴുതി ഉണ്ടാക്കുന്നത്. പാർട്ടി ഓഫീസിൽ ബിൽ എഴുതി ഉണ്ടാക്കിയാലും അത് പിന്നെ ലെജിസ്ലേച്ചറിൽ പോയി, ലായിൽ പോയി, എന്നിട്ടുവേണം ബില്ലായി വരാൻ. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പക്ഷേ ബഹുമാനപ്പെട്ട കോടിയേരിക്ക് ആ കാര്യത്തെക്കുറിച്ച് അറിയാൻ പാടില്ലാത്തതുകൊണ്ടല്ലേ അദ്ദേഹം പറഞ്ഞത്? ഈ ബിൽ പാസ്സാക്കുന്നതുകൊണ്ട് മൊത്തത്തിൽ സർക്കാരിന്റെ, പ്രത്യേകിച്ച് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വവും സാമ്പത്തിക കാര്യങ്ങളുടെ ഉത്തരവാദിത്വവും ഉണ്ടാകും എന്നതിന് യാതൊരു സംശയവുമില്ല; അത് വർദ്ധിക്കും. സാമ്പത്തിക ഭദ്രതയിലേയ്ക്കുള്ള പാതയിൽ വീഴ്ചകൾ വരാൻ പാടില്ല എന്നാണ്. പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന കാലതാമസം കുറയും. Rest of expenditure ഒഴിവാക്കി കിട്ടും. അങ്ങനെ പല കാര്യങ്ങളെക്കുറിച്ചും ഇതിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. Modernisation of Government Programme എന്നു പറയുന്നത് ഈ ഗവൺമെന്റിന്റെ, ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ ഒരു നയമാണ്. ഞങ്ങൾ പരസ്യമായി പറഞ്ഞുകൊണ്ടുതന്നെയാണ് എം.ജി.പി. ഉണ്ടാക്കിയത്. അതിന് ഒരു സെക്രട്ടറി വേണ്ടേ? ഫിനാൻസ് വകുപ്പ് സെക്രട്ടറി വേണ്ടേ? എക്സ്പെൻഡിച്ചർ ഉണ്ടെങ്കിൽ ഒരു സെക്രട്ടറി വേണ്ടേ? ഗവൺമെന്റ് ഉണ്ടെങ്കിൽ അതിന്റെ ചീഫ് സെക്രട്ടറി ഇല്ലേ? എന്താണ് പുതിയതായി വരുന്നത്? ഇതിൽ എങ്ങനെയാണ് ഒളിച്ചുകളി ഉണ്ടാകുക? സെക്രട്ടറിമാർ ന്യായം പറഞ്ഞാൽ സെക്രട്ടറിമാരുടെ ചുമതലയും ഗവൺമെന്റ് ഗവൺമെന്റിന്റെ ചുമതലയും നോക്കും. ഈ ബിൽ ഈ സംസ്ഥാനത്തിന് ഏറ്റവും അനുകൂലമായ ഒരു സാമ്പത്തിക സഹായം ഉണ്ടാക്കുവാൻ വേണ്ടിയാണ്. ഇത് നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് പറയുന്നത്. 2007 വേണോ 2008 വേണോ എന്നുള്ളതൊക്കെയാണ്. 2007-2008 വേണോ എന്നൊക്കെ ചോദിച്ചാൽ, ഈ ഗവൺമെന്റിന്റെ കാലാവധി കഴിഞ്ഞാൽ വേറെ ഗവൺമെന്റ് വരും. ജനങ്ങൾ തെരഞ്ഞെടുക്കും. അത് ആരെ തെരഞ്ഞെടുക്കുമെന്നുള്ളത് അപ്പോൾ ജനങ്ങൾ തീരുമാനിക്കും. ഞങ്ങളെ തെരഞ്ഞെടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് വരും. നിങ്ങളെ തെരഞ്ഞെടുത്താൽ നിങ്ങളുടെ ഗവൺമെന്റ് വരും. വേറെ ആരെയെങ്കിലും തെരഞ്ഞെടുത്താൽ ആ ഗവൺമെന്റ് വരും. അത് ജനങ്ങളാണ് തീരുമാനിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ പറഞ്ഞു, ന്യൂസിലാന്റിലാണ് ആദ്യമായി ഇങ്ങനെയൊരു നിയമം കൊണ്ടുവന്നതെന്ന്. ഞാൻ അന്വേഷിച്ചു. ആ നിയമം കൊണ്ടുവന്ന മന്ത്രി പിന്നീട് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു.

ശ്രീ. കെ. ശങ്കരനാരായണൻ: ന്യൂസിലാന്റിൽ പിന്നീട് തെരഞ്ഞെടുപ്പ് വന്നപ്പോൾ അവിടെ വോട്ട് ചെയ്യേണ്ട പലരും മരിച്ചുപോയി. തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യേണ്ട പലരും മരിച്ചു. ഇവിടെ ഇങ്ങനെ സംഭവിക്കുമോ ഇല്ലയോ എന്നുള്ളത് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. ഈ നിയമം പാസ്സാക്കുന്നതുകൊണ്ട് കേരള സംസ്ഥാന ഗവൺമെന്റിന് മാത്രമല്ല, ഇൻഡ്യാ ഗവൺമെന്റും മറ്റ് സംസ്ഥാന ഗവൺമെന്റുകളും ഈ വിധത്തിലുള്ള ഒരു ബിൽ പാസ്സാക്കും. ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇവിടെ ചോദ്യം ചോദിച്ചപ്പോൾ 'ധനകാര്യ വികസനത്തിന്' മുമ്പുള്ള ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞിരിക്കുന്നു എന്ന് പറയുന്നു. ഞാൻ അതൊന്ന് റിപ്പീറ്റ് ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആർക്കും പുതിയതായി ജോലി കൊടുത്തില്ല എന്നു പറഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാൽപ്പത്തിനാലായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി എട്ട് ആളുകൾക്ക് പുതുതായി ജോലി ശ്രീ. എ. കെ. ആന്റണിയുടെ സർക്കാർ കൊടുത്തിട്ടുണ്ട്. തോന്നിയ കണക്ക് പറയുന്നതല്ല. ഞാൻ പറയാം അസിസ്റ്റന്റ് സർജൻ.....വെറ്റിനറി സർജൻ.....(ബഹളം).....(ബഹളം).....

മി. സ്പീക്കർ: .....ഓർഡർ.....ഓർഡർ യേസ്.....യേസ്.....(ബഹളം).....

ശ്രീ. കെ. ശങ്കരനാരായണൻ: Please hear me ഒന്നു കേൾക്കൂ.

മി. സ്പീക്കർ: നേരത്തെ പറയാൻ പാടില്ലാത്തതു പറഞ്ഞതുകൊണ്ടാണ് ഇപ്പോൾ ഇത് പറയാൻ ഞാൻ അനുവദിക്കുന്നത്. നിങ്ങൾ പറഞ്ഞതും പറയാൻ പാടില്ലാത്തതാണ്. അദ്ദേഹം പറയുന്നതും പറയാൻ പാടില്ലാത്തതാണ്.

ശ്രീ. കെ. ശങ്കരനാരായണൻ: നാൽപ്പത്തിനാലായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയെട്ടു പേർക്ക് ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് ജോലി കൊടുത്തിട്ടുണ്ട്. ആയിരം അസിസ്റ്റന്റ് സർജൻമാരേയും 370 സബ്ഇൻസ്പെക്ടർ ഓഫ് പോലീസിനേയും നിയമിച്ചു. കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ പത്തു വർഷമായിട്ട് നിയമനം നടത്തിയിട്ടില്ല. ഈ ഗവൺമെന്റ് 300 ഓളം കോളേജ് അധ്യാപകൻമാരെ നിയമിച്ചു. ഈ ഗവൺമെന്റ് 300 ആദിവാസികളെ ഫോറസ്റ്റ് ഗാർഡുമാരായി നിയമിച്ചു. ഈ ഗവൺമെന്റ് ജോലി കൊടുത്തില്ല, ജോലി കൊടുത്തില്ല എന്നുള്ളത് ഇങ്ങനെ പാടിയിട്ട് വല്ല കാര്യവും ഉണ്ടോ? എൽ.ഡി.എഫ്. സർക്കാർ നിയമനം നടത്തി. 1996-97-ൽ ഇരുപത്തിയൊന്നായിരം, 1997-98-ൽ ഇരുപത്തിമൂവായിരം. അഞ്ച് കൊല്ലംകൊണ്ട് ഒരു ലക്ഷത്തി പതിനായിരം ആളുകൾക്ക്.....(ബഹളം).....(ബഹളം).....ഇവിടെ ഈ നിയമനലംഘനം നടത്തിയത്, നിയമനം നടത്തിയിട്ടില്ല എന്നു പറയുന്നത് ശരിയല്ല. ഈ ബിൽ പാസാക്കിതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—63

1. Sri Cherkalam Abdulla
2. ,, Kalathil Abdulla
3. ,, C. T. Ahammed Ali
4. ,, A. P. Anil Kumar
5. ,, A. K. Antony
6. ,, E. M. Augusthy
7. ,, K. Babu
8. ,, R. Balakrishna Pillai
9. ,, P. K. K. Bava
10. ,, T. V. Chandramohan
11. ,, K. A. Chandran
12. ,, M. A. Chandrasekharan
13. ,, Diminic Presentation
14. ,, P. P. George
15. ,, Prayar Gopalakrishnan
16. ,, M. M. Hassan
17. ,, V. K. Ibrahim Kunju
18. ,, T. M. Jacob
19. ,, K. C. Joseph
20. ,, Joseph M. Puthusseri
21. ,, P. J. Joy
22. ,, K. K. Nair
23. ,, P. K. Kunhalikutty
24. ,, K. Kutty Ahammed Kutty
25. ,, Ludy Luiz
26. ,, C. Mammootty
27. ,, K. M. Mani
28. ,, K. Mohammedali
29. ,, K. Mohankumar
30. ,, C. Moyinkutty
31. ,, Aryadan Muhammed
32. ,, K. Narayanakurup
33. ,, Ezhukone Narayanan

LIBRARY ARCHIVES Kerala Legislative Assembly

34. Sri Oommen Chandy
35. ,, M. K. Paulson Master
36. ,, V. J. Poulose
37. ,, T. N. Prathapan
38. ,, Thiruvanchoor Radhakrishnan
39. ,, T. U. Radhakrishnan
40. Smt. Radha Raghavan
41. Sri A. N. Rajan Babu
42. ,, K. K. Ramachandran Master
43. ,, Therambil Ramakrishnan
44. ,, Thampanoor Ravi
45. ,, Roshi Augustine
46. ,, T. P. M. Sahir
47. ,, N. Sakthan
48. ,, K. Sankaranarayanan
49. Smt. Malethu Sarala Devi
50. Sri V. D. Satheesan
51. Prof. Savithri Lekshmanan
52. Sri Kadavoor Sivadasan
53. Smt. Sobhana George
54. Sri Stephen George
55. ,, A. Sujanapal
56. ,, N. Sundaran Nadar
57. Prof. K. V. Thomas
58. Sri P. T. Thomas
59. ,, Thomas Chazhikadan
60. ,, Thomas Unniyadan
61. ,, M. A. Waheed
62. ,, K. C. Venugopal
63. ,, K. P. Viswanathan

പ്രതികൂലിക്കുന്നവർ—35

1. Sri Manjalamkuzhi Ali
2. ,, A. A. Azees
3. ,, Kodiyeri Balakrishnan
4. ,, A. K. Balan
5. ,, T. K. Balan
6. ,, Binoy Viswam
7. ,, V. K. Chandran
8. ,, V. Chenthamarakshan

LIBRARY ARCHIVES Kerala Legislative Assembly

9. Sri T. K. Deva Kumar
10. ,, P. C. George
11. Smt. Girija Surendran
12. Sri K. K. Jayachandran
13. ,, M. V. Jayarajan
14. ,, P. Jayarajan
15. ,, V. C. Kabeer
16. ,, M. Kumaran
17. ,, K. V. Kunhiraman
18. ,, Kovoor Kunjumon
19. ,, V. K. C. Mammathu Koya
20. ,, Mathai Chacko
21. ,, K. P. Mohanan
22. ,, Pirappancode Murali
23. ,, C. K. Nanu
24. ,, P. Narayanan
25. Dr. A. Neelalohithadasan Nadar
26. Sri K. Radhakrishnan
27. ,, N. Rajan
28. ,, K. P. Rajendran
29. ,, Raju Abraham
30. ,, T. P. Ramakrishnan
31. ,, Saju Paul
32. ,, A C. Shanmughadas
33. Smt. P. K. Sreemathi Teacher
34. Sri P. S. Supal
35. Dr. Thomas Issac

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—63

പ്രതികൂലിക്കുന്നവർ—35

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി പരിധി ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ഗവൺമെന്റ് ഗാരന്റികളുടെ പരമാവധി പരിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly